മണിക്ക് പിരിയും. 12.30 മണിക്ക് ബ്രേക്കുണ്ട്. മൂന്നു മണിക്ക് വീണ്ടും സഭ ആരംഭിക്കും. ഇതിന്റെ ചർച്ച ഒരുമിച്ചാണ് വരുന്നത്. എത്ര സമയം വരെ ഇരിക്കാമെന്നത് ഇന്ന് നോക്കിയിട്ട് ക്രമീകരിക്കാം. ഇവിടെ അവതരിപ്പിക്കുന്ന ബില്ലുകളുടെ ചർച്ചയാണ് നടക്കുന്നത്. കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബില്ലിൽ ഒരു ഡിസന്റുണ്ട്. രണ്ടു ഭേദഗതികളുണ്ട്. മറ്റേ ബില്ലിൽ ഡിസന്റില്ല. ഭേദഗതികളേയുള്ളൂ. അതാണ് ഇതിന്റെ സ്വഭാവം.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി)ബില്ലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലും[†]

ഭക്ഷ്യ വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള കമാന്റ് ഏരിയാ വികസന (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

2000-ത്തിലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ

മി. സ്പീക്കർ : ശ്രീ. അബ്ദുറബ്ബ്, അങ്ങേയ്ക്ക് ഡിസന്റ് അവതരിപ്പിക്കാം. അദ്ദേഹം സീറ്റിലില്ല. ശ്രീ. കടുകംപള്ളി സുരേന്ദ്രൻ, അങ്ങയുടെ ഭേദഗതി....

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. അബ്ദുറബ്ബ് വന്നു.

മി. സ്പീക്കർ : സമയം കഴിഞ്ഞു. സാധാരണ അനുവദിക്കുന്നതല്ല. പ്രത്യേക പരിഗണനയൊന്നും ആവശ്യമില്ല. പ്രത്യേക പരിഗണനയുടെ ആവശ്യമൊന്നും സഭയിലില്ല. അതിന്റെ ആവശ്യമില്ലെന്നാണ് തോന്നുന്നത്. ഇപ്പോൾ ആയിക്കോട്ടെ.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, ഞാൻ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു. ഞാൻ ഈ ഭേദഗതി ബില്ലിനെ എതിർക്കുകയാണ്. 2000-ലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ എന്ന പേരിൽ ഇവിടെ കൊണ്ടുവന്ന ഈ ബില്ലിൽ ട്രാവൻകൂർ, കൊച്ചിൻ, മദ്രാസ്, മലബാർ

[†]അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

മേഖലകൾക്കായി നിലവിൽ വന്ന 12 പഴയ ആക്ടുകൾക്കുള്ള ഭേദഗതികളും കേരളപ്പിറവിക്കു ശേഷമുള്ള 22 ആക്ടുകൾക്കുള്ള ഭേദഗതികളും മൂന്നു കേരള ആക്ടുകളുടെ റദ്ദാക്കലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പല വകുപ്പുകളിലായി കിടക്കുന്ന ഈ ആക്ടുകളുടെ ഭേദഗതികൾ....

മി. സ്പീക്കർ : ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ ഒരു മീറ്റിംഗ് 11.30 മണിക്കുണ്ട്. അത് അറിയിക്കുകയാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനു പകരം, സർക്കാരിൽ കൂടുതൽ അധികാരങ്ങൾ നിക്ഷിപ്തമാക്കാനുള്ള ഭേദഗതികളാണ് മിക്കവാറും ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരങ്ങൾ കൈമാറുന്നതിനേക്കാളുപരി അധികാരങ്ങൾ സർക്കാരിലേയ്ക്ക് കൈമാറാനും അതോടൊപ്പം തന്നെ മറ്റു പല വകുപ്പുകളുടെയും കയ്യിലുണ്ടായിരുന്ന അധികാരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് കൈമാറാനുള്ള ശ്രമമാണ് ഇവിടെ നടന്നിട്ടുള്ളത്. ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ബിൽ എന്നതിനു പകരം സെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ബിൽ എന്നു പറയുന്നതാണ് കുറേക്കൂടി ഉത്തമമെന്നാണ് എനിക്കു പറയാനുള്ളത്. ഏതു കാര്യത്തിലും, പണ്ട് ദിവാന്റെ കാലത്തുണ്ടായിരുന്ന അധികാരം മാറ്റി പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുന്നു എന്ന പേരിൽ 'ദിവാൻ' എന്നതിനു പകരം 'സർക്കാർ' എന്നാക്കിയെന്നുള്ളതല്ലാതെ കാര്യമായ വ്യത്യാസങ്ങളൊന്നും ഈ ബില്ലിൽ വരുത്തിയിട്ടില്ല. 1082-ലെ കൊച്ചിൻ ഫെറീസ് ആന്റ് ടോൾസ് ആക്ടിലെ ഫെറികളും ടോൾഗേറ്റുകളും സ്ഥാപിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ നൽകാനുള്ള അധികാരം ദിവാനായിരുന്നു. ആ അധികാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാമെന്നാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതിന് ഒരു മുൻകൂർ അനുമതിയുടെ ആവശ്യം എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ടോൾ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനും സർക്കാരിന്റെ അനുമതി വേണം. ഇത് അധികാര കേന്ദ്രീകരണമാണോ, അധികാര വികേന്ദ്രീകരണമാണോ ഉണ്ടാക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്. 1096-ലെ ട്രാവൻകൂർ പബ്ലിക് കനാൽസ് ആന്റ് പബ്ലിക് ഫെറീസ് ആക്ടിലും ഇതേ രീതിയിലുള്ള ഭേദഗതികളാണ് കൊണ്ടുവന്നിരിക്കുന്നത്. 1890-ലെ മദ്രാസ് കനാൽസ് ആന്റ് പബ്ലിക് ഫെറീസ് ആക്ടിലെ ഭേദഗതിയും ഇതേ തരത്തിലുള്ളതാണ്. 1957-ലെ കേരളാ ലൈംഷെൽ കൺട്രോൾ ആക്ടിലെ ഭേദഗതിപ്രകാരം ലൈസൻസിംഗ് അതോറിറ്റിയായ സെക്രട്ടറിയുടെ തീരുമാനത്തിൻമേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അപ്പീൽ നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനം അന്തിമമാണ്. ഇവിടെ നമ്മുടെ പഞ്ചായത്ത് രാജ് ആക്ടനുസരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തീരുമാനങ്ങൾ ചോദ്യം ചെയ്യാൻ, അതിനെതിരായി പരാതി കൊടുക്കാൻ നമുക്ക് ട്രൈബ്യൂണലിന്റെ വ്യവസ്ഥയുണ്ട്. ഇവിടെ ലൈംഷെൽ ആക്ടിന്റെ കാര്യത്തിൽ അന്തിമതീരുമാനം പഞ്ചായത്തിനു കൊടുക്കുന്നതിനു പകരം ട്രൈബ്യൂണലിൽക്കൂടി അപ്പീൽ

LIBRARY ARCHIVES Kerala Legislative Assembly

നൽകാനുള്ള വ്യവസ്ഥ വയ്ക്കണമെന്നാണ് എനിക്കു പറയാനുള്ളത്. 1958-ലെ കേരളാ എഡ്യൂക്കേഷൻ ആക്ടിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയനുസരിച്ച് സ്കൂളുകളുടെ മാനേജ്മെന്റും മറ്റു കാര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. അങ്ങനെ വിട്ടുകൊടുത്തിട്ടുള്ള സ്കൂളുകളുടെ ഭൂമിയും മറ്റും വിദ്യാഭ്യാസ കാര്യത്തിനല്ലാതെ മറ്റാവശ്യങ്ങൾക്കു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നതു വിലക്കിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ അനുമതിയോടുകൂടി ഒരു റോഡ് വീതി കൂട്ടുന്നതിന് സ്ഥലം വിട്ടുകൊടുക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവിടെയും സർക്കാരിന്റെ അനുമതിയാണ് പ്രശ്നം. പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുള്ള ഒരു സ്ഥാപനത്തിന്റെ ഭൂമി ആ പഞ്ചായത്തിന്റെ പ്രത്യേക ആവശ്യത്തിനുള്ള, ഒരു റോഡുണ്ടാക്കാനും മറ്റുമുള്ള പൊതു ആവശ്യങ്ങൾക്കു വിട്ടുകൊടുക്കാൻ സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ട അവസ്ഥ ഇതുമൂലമുണ്ടായിട്ടുണ്ട്. ഒരു പ്രദേശത്തെ റോഡ് വീതികൂട്ടണമോ വേണ്ടയോ എന്നുള്ളതു സംബന്ധിച്ച്, അതിന്റെ ആവശ്യകതയെക്കുറിച്ച് കൃത്യമായി ബോദ്ധ്യമുണ്ടാകുന്നത് പഞ്ചായത്തുകൾക്കാണ്. അതുകൊണ്ട് അവർക്കുതന്നെ അതിന്റെ അധികാരങ്ങൾ വിട്ടുകൊടുക്കണമെന്നാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്. കേരള എഡ്യൂക്കേഷൻ ആക്ടിൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ അതോറിറ്റി രൂപീകരിക്കാനുള്ള ഒരു വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. വിദ്യാഭ്യാസപരമായ, ഭരണപരമായ കാര്യങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻവേണ്ടിയാണ് അങ്ങനെയൊരു സമിതിയുണ്ടാക്കുന്നത് എന്നാണ് അറിയുന്നത്. മുനിസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിയാണ് ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ അതോറിറ്റി രൂപീകരിക്കേണ്ടത്, അതിലും ഭേദഗതി വരുത്തേണ്ടതുണ്ട്. ജനങ്ങൾ നേരിട്ട് തെരഞ്ഞെടുത്ത ഒരു ബോഡി ജില്ലാ പഞ്ചായത്താണ്. ആ ജില്ലാ പഞ്ചായത്ത് ഇപ്പോൾത്തന്നെയുള്ളപ്പോൾ മുനിസിപ്പാലിറ്റി ആക്ടിന്റെ കീഴിൽ വന്ന ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി മറ്റൊരു അതോറിറ്റി കൊണ്ടുവരുന്നതിൽ അർത്ഥമില്ല. ജില്ലാ പഞ്ചായത്തിനുതന്നെ ഡിസ്ട്രിക് എഡ്യൂക്കേഷൻ അതോറിറ്റി രൂപീകരിക്കാനുള്ള അധികാരം കൊടുക്കണം. മാത്രമല്ല, അതിൽ ശരാശരി 20 പേരിൽ കൂടിയ ഒരു സമിതിയെ തെരഞ്ഞെടുക്കാനാണ് പറയുന്നത്. അത്രയും വലിയൊരു സമിതി അതിനാവശ്യമുണ്ടെന്നു തോന്നുന്നില്ല. ഓരോ പ്രദേശത്തുനിന്നും ജനങ്ങൾ തെരഞ്ഞെടുത്തയയ്ക്കുന്ന ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, അവരുടെ സഹകരണം ഉറപ്പുവരുത്തിക്കൊണ്ട് ജില്ലാ പഞ്ചായത്ത് നോമിനേറ്റു ചെയ്യുന്ന ഒരു ചെറിയ ബോഡി ആവശ്യമെങ്കിൽ ഇതിന് രൂപീകരിച്ചാൽ മതിയെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്. വലിയൊരു സമിതിയുണ്ടാക്കി അവർക്ക് സർക്കാർ ചെലവിൽ യാത്രാബത്തയും മറ്റു കാര്യങ്ങളുമൊക്കെ കൊടുക്കുമ്പോൾ വലിയൊരു എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആ ഇനത്തിൽ വരുമെന്നാണ് എന്റെ അഭിപ്രായം. ലോക്കൽ അതോറിറ്റിക്ക് എന്റർട്ടെയിൻമെന്റ് ടാക്സ് ആക്ടിൽ വളരെയധികം ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. Escaped tax assess ചെയ്യാനുള്ള വ്യവസ്ഥ ചേർക്കുന്നതിനുള്ള നടപടികൾ മൂന്നരവർഷമായി നടന്നുകൊണ്ടിരിക്കുകയാണ്. അത് ഇപ്പോഴെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഫൈനലൈസ് ചെയ്യാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഈ ആക്ടിനുള്ള ഭേദഗതിയിലൂടെ മിക്ക അധികാരങ്ങളും സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. എന്റർട്ടെയിൻമെന്റ് ടാക്സ് സംബന്ധിച്ച് ഒരു ബൈലാ പാസ്സാക്കാൻ നേരത്തെ ജില്ലാപഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചാൽ മതിയായിരുന്നു. ഇപ്പോൾ ആ അധികാരവും സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. പഞ്ചായത്തിൽ എന്റർട്ടെയിൻമെന്റ് ടാക്സിന്റെ കാര്യത്തിലായാലും ശരി, വേറെ എന്തെങ്കിലും ടാക്സിന്റെ കാര്യത്തിലായാലും ശരി അവിടെ അവർക്കധികാരമുള്ള കാര്യത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു ബൈലാ ഉണ്ടാക്കിക്കഴിഞ്ഞാൽ അത് പരിശോധിച്ച് അതിന് അംഗീകാരം നൽകാനുള്ള അവകാശം പോലും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിക്കൊണ്ടാണ് ഈ ഭേദഗതി കൊണ്ടു വന്നിട്ടുള്ളത്. അതുപോലെതന്നെ വിനോദ നികുതി വെട്ടിപ്പു തടയുന്നതിന്, അതിന്റെ പരിശോധനയുടെ കാര്യത്തിൽ ഡയറക്ടർക്കുള്ള അധികാരം സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. സർക്കാർ എങ്ങനെയാണ് പരിശോധന നടത്താൻ പോകുന്നത് എന്നറിഞ്ഞുകൂടാ. സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിലാണെങ്കിൽ ഭീമമായ വിനോദനികുതി വെട്ടിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. അത് തടയാൻ ഇപ്പോഴുള്ള സംവിധാനം തൃപ്തികരമല്ല. കഴിഞ്ഞ കാലങ്ങളിലൊക്കെ പഞ്ചായത്തുകളിലെ സ്റ്റാഫ് ദൈനംദിന പഞ്ചായത്തുകളിലെ സിനിമാശാലകൾ പരിശോധിച്ചു, അവിടെത്തെ ഡി. സി. ആർ ഒക്കെ പരിശോധിച്ച് വേണ്ട അന്വേഷണങ്ങൾ നടത്തുമായിരുന്നു. അവിടുത്തെ സിനിമാ തീയേറ്റർ ഉടമകൾക്കും ഭയമുണ്ടായിരുന്നു. ഇന്നിപ്പോൾ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വളരെയധികം ജോലികളുള്ളതുകൊണ്ട് പഞ്ചായത്തുകളിലെ സ്റ്റാഫിന് ഇതിനുള്ള സമയം കിട്ടുന്നില്ല. മാത്രമല്ല, ജനകീയാസൂത്രണം സംബന്ധിച്ചുള്ള ജോലിക്കുതന്നെ പല പഞ്ചായത്തുകളിലും സ്റ്റാഫിനെ കൊടുക്കാത്ത പ്രശ്നങ്ങളുണ്ട്. ഡിപ്ലോയ്മെന്റ് ആകാത്ത പ്രശ്നങ്ങളൊക്കെയുണ്ട്. ഈ കാര്യത്തിൽ പരിശോധന കാര്യക്ഷമമായി നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാകേണ്ടതുണ്ട്. അല്ലാതെ ഡയറക്ടർക്കുള്ള അധികാരം സർക്കാരിലേയ്ക്ക് പോകുന്നതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. മറ്റൊരു കാര്യം നമ്മുടെ റൂറൽ ഡെവലപ്മെന്റ് ബോർഡിനെ സംബന്ധിച്ചുള്ളതാണ്. റൂറൽ ഡെവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ പോവുകയാണെന്ന് കേൾക്കാൻ തുടങ്ങിയിട്ട് മൂന്നുനാല് വർഷങ്ങളായി. ഇപ്പോഴത്തെ നമ്മുടെ ബില്ലിലാണ് ആ ആക്ട് റദ്ദാക്കിക്കൊണ്ടുള്ള ഭേദഗതി വന്നത്. ഞാൻ പ്രസിഡന്റായിട്ടുള്ള പരപ്പനങ്ങാടി പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനുവേണ്ടി മൊത്തം തുകയുടെ ഒരു ശതമാനം റൂറൽ ഡെവലപ്മെന്റ് ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ട് നാലു വർഷമായി. ആ കാര്യത്തിൽ ഒരു വ്യക്തമായ മറുപടിപോലും റൂറൽ ഡെവലമെന്റ് ബോർഡിന്റെ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. ഞാൻ ഇതുസംബന്ധമായി അസംബ്ലിയിൽ ചോദ്യങ്ങൾ ഉന്നയിച്ചതാണ്. നമ്മളിപ്പോൾ റൂറൽ ഡെവലപ്മെന്റ് ബോർഡ് പിരിച്ചു വിട്ടുകൊണ്ട് ഒരു പുതിയ ഗവൺമെന്റ് കമ്പനിയുണ്ടാക്കാനുള്ള പരിശ്രമത്തിലാണ്. അതുകൊണ്ട് വലിയ പ്രയോജനമൊന്നും ഉണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം പുതിയ പഞ്ചായത്ത് രാജ്

LIBRARY ARCHIVES Kerala Legislative Assembly

ആക്ടനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽ നിന്നുമൊക്കെ ലോണെടുക്കാനുള്ള വളരെയധികം വ്യവസ്ഥകൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയൊരു അവസ്ഥയിൽ ഒരു പുതിയ വെള്ളാന യെക്കൂടി സൃഷ്ടിക്കുക എന്നുള്ളതല്ലാതെ ആർ. ഡി. ബി. എന്നുള്ള പേരുമാറ്റി വേറൊരു കമ്പനിയാക്കി കൊണ്ടുവന്നതുകൊണ്ട് കാര്യമായ ഒരു പ്രയോജനവും ഉണ്ടാകുമെന്ന് തോന്നുന്നില്ല. വാട്ടർ അതോറിറ്റിയുടേയും ഇറിഗേഷൻ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയുമൊക്കെ വളരെയധികം കാര്യങ്ങൾ ഈ ബില്ലുവഴി തദ്ദേശസ്വയം ഭരണ വകുപ്പിലേയ്ക്ക് കൈമാറുമെന്നുള്ളതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. അല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനപ്രകാരം വിട്ടുകൊടുത്തിട്ടുള്ള, പഞ്ചായത്ത് രാജ് നിയമപ്രകാരം വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ ഇക്കാലമത്രയുമുള്ള നടത്തിപ്പിൽ നിന്നും വിഭിന്നമായി അതിനേക്കാൾ പുരോഗമനപരമായി, ഫല പ്രദമായി അവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കാര്യമായ സഹായം ഈ അധികാര വികേന്ദ്രീകരണ ബില്ലുകൊണ്ട് ഉണ്ടാകുന്നില്ല എന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച് എനിക്ക് കൂടുതലൊന്നും പറയാനില്ല. ഈ ബിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അധികാര വികേന്ദ്രീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധങ്ങളായ നടപടികളുടെ ഒരു ചുവടുവയ്പുകൂടിയാണ്. ഇന്ന് ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കൈവശമിരിക്കുന്ന പല അധികാരങ്ങളും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തുകൊണ്ട്, അവയുടെ പങ്കാളിത്തത്തോടുകൂടി ആ വകുപ്പുകളിൽ വരുത്തേണ്ട മാറ്റങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അതിനുള്ള അവകാശം കിട്ടുക എന്നുള്ളതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി 10-45 വർഷമായിട്ടും, ഒരു നിയമനിർമ്മാണസഭ നമുക്കുണ്ടെങ്കിൽപ്പോലും കേരളത്തെ സംബന്ധിച്ച് ഒരു പൊതുവായ നിയമം ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ നിലവിൽ തിരുവിതാംകൂർ നിയമമുണ്ട്. കൊച്ചി നിയമമുണ്ട്, പഴയ മദ്രാസ് നിയമമുണ്ട്. ഇപ്പോഴും ഒട്ടുമിക്ക വകുപ്പുകളിലേയും ഈ നിയമങ്ങളിൽ അത്യാവശ്യ ഭേദഗതി വരുത്തിക്കൊണ്ട്, കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ട് മുന്നോട്ടുപോവുകയാണ്. ഈ നിയമനിർമ്മാണ സഭയെ സംബന്ധിച്ചിടത്തോളം നമ്മുടെ ശ്രദ്ധക്കുറവിനെയാണ് അത് ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോഴും ഒന്നര നൂറ്റാണ്ടിനുമുമ്പ് നിലവിലുണ്ടായിരുന്ന, അല്ലെങ്കിൽ ഉണ്ടാക്കിയ മദ്രാസ് ആക്ടിനുമേൽ നമ്മൾ ഭേദഗതി വരുത്തുന്ന സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. അതിനൊരു മാറ്റമുണ്ടാകണം. ഇതിനൊരു മാറ്റമുണ്ടാക്കിക്കൊണ്ട് എല്ലാവർക്കും എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ പൊതുവായ ആക്ട് ആ നിലയിലുണ്ടാകണം. അതിനുകൂടി

LIBRARY ARCHIVES Kerala Legislative Assembly

സഹായകരമാണ് ഈ ബിൽ. 38-ഓളം ബില്ലുകളിന്മേലുള്ള ഭേദഗതിയാണിത്. ഇതിൽ പലതിന്റെയും മൂലനിയമം തപ്പിയെടുക്കുക എന്നുപറയുന്നത് വലിയ വിഷമമാണ്. പഴയ മദ്രാസ് ആക്ട്, കൊച്ചി ആക്ട്, തിരുവിതാംകൂർ ആക്ട് ഇതൊക്കെ തപ്പിപ്പിടിച്ചെടുത്ത് അതിലുണ്ടാകുന്ന ഭേദഗതികൾ, അത് നമ്മെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പോലും വേണ്ടത്ര മുന്നോട്ടുപോകാൻ തടസ്സംസൃഷ്ടിക്കുന്നതാണ്. അപ്പോൾ അതെല്ലാം ഒരു നിയമനിർമ്മാണ സഭ എന്നുള്ള നിലയിൽ ഈ സഭ പരിഗണിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട് പുതിയ നിയമങ്ങൾ ആ നിലയിൽ ഉണ്ടാക്കേണ്ടതുമാണെന്നാണ് എനിക്ക് അത് സംബന്ധിച്ച് പറയാനുള്ളത്.

ഡോ. എം. എ. കുട്ടപ്പൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ത്രിതല പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിലേയ്ക്കും അധികാരം വീതിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങടങ്ങിയതാണ് ഈ ബിൽ. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ഒട്ടേറെ ഭേദഗതികൾ ആവർത്തിച്ച് ആവർത്തിച്ചു വന്നു. എത്രയോ പ്രാവശ്യം വന്നു. ഇപ്പോഴും ഈ ബിൽ അപൂർണ്ണമാണ്. എത്രയോ ഭേദഗതികൾ വന്നു. ഈ ബിൽ ഒരു അവിയൽ പരുവമാണ്. എന്നിട്ടുപോലും പൂർണ്ണമാകുന്നില്ല. അപൂർണ്ണമാണ്.

ശ്രീ. തമ്പാനൂർ രവി : എൽ. ഡി. എഫ്. സർക്കാർ കൊണ്ടുവരുന്ന എല്ലാ ബില്ലുകളും ഇതുപോലെ അവിയൽ പരുവമാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : അവിയലെന്ന കറി നല്ലതാണെന്ന അഭിപ്രായമുണ്ടെങ്കിൽപ്പോലും ഈ ബില്ലിൽ വരേണ്ടത് വന്നിട്ടില്ല. അവിയലിനകത്ത് ചേർക്കേണ്ടതെല്ലാം ചേർത്തിട്ടില്ല. അധികാരവികേന്ദ്രീകരണം പരിപൂർണ്ണമാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് മന്ത്രി ഇത്രയേറെ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളതെങ്കിൽപ്പോലും അതു പരിപൂർണ്ണമായിട്ടില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. എന്തുകൊണ്ടെന്നാൽ ഭരണഘടനയുടേയും 1994-ൽ പാസ്സാക്കിയ ആക്ടിന്റെയുമടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ഇപ്പോഴും ചെയ്തിട്ടില്ല. അതായത് ടൗൺ പഞ്ചായത്തുണ്ടാക്കണമെന്ന് ഭരണഘടനയിൽ പറയുന്ന 1994-ലെ ആക്ടിൽ പറയുന്ന ആ ടൗൺ പഞ്ചായത്ത് ഉണ്ടാക്കാൻ ഇന്നുവരെ സർക്കാർ തയ്യാറായിട്ടില്ല. എന്താണ് സ്ഥിതി ? ഭരണഘടനയിലെ

Article 243Q. Constitution of Municipalities :

(a) A Nagar Panchayat (by whatever name called) for transitional area, that is to say, an area in transition from a rural area to an urban area;

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ പ്രദേശം നഗര പ്രദേശമായി മാറിക്കൊണ്ടിരിക്കുന്ന ഒരു ട്രാൻസിഷണൽ പീരിയഡ്, അതായത് ഒരു പരിവർത്തനാത്മക പ്രദേശത്തിനു വേണ്ടി ടൗൺ പഞ്ചായത്തുണ്ടാക്കണമെന്ന് നമ്മുടെ ഭരണഘടനാ ഭേദഗതി പറയുന്നു. അതോടൊപ്പം തന്നെ നമ്മൾ പാസ്സാക്കിയ 1994-ലെ മുനിസിപ്പൽ ആക്ടിലെ 4(2) പ്രകാരം അതിൽ പറയുന്നത് (f) Convert a Village Panchayat into a Town Panchayat.

[അദ്ധ്യക്ഷവേദിയിൽ ശ്രീ ആന്റണി രാജു]

വില്ലേജ് പഞ്ചായത്ത് ടൗൺ പഞ്ചായത്താക്കണമെന്ന് നമ്മൾ പാസ്സാക്കിയ നിയമം പറയുന്ന, ഭരണഘടന പറയുന്ന ഈ രണ്ടു കാര്യങ്ങൾ പൂർത്തിയാകാത്തിടത്തോളം കാലം ഈ ബിൽ പരിപൂർണ്ണമാകില്ല, അപൂർണ്ണമായി നിൽക്കുന്നു. ഒരു വശത്ത് ഭരണഘടനാ ലംഘനം ഉണ്ട്. മറുവശത്ത് അത് അപൂർണ്ണമാണ്. ഭരണഘടനയിൽ പറയുന്ന ലംഘനമുണ്ടായിട്ടുണ്ട്. ഈ കാര്യം പലപ്പോഴും നിയമസഭയിലെ അംഗങ്ങൾ അങ്ങയോട് ചോദിച്ചിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : കൊല്ലം മുനിസിപ്പാലിറ്റിയും തൃശൂർ മിനിസിപ്പാലിറ്റിയും കോർപ്പറേഷനാക്കി മാറ്റുമ്പോൾ അവിടേയ്ക്ക് പഞ്ചായത്ത് നേരിട്ട് ചേർക്കുന്നതിനുക്കുറിച്ചല്ലേ അങ്ങു പറഞ്ഞത്.

ഡോ. എം. എ. കുട്ടപ്പൻ : ഇതിനകത്ത് ഒരു രാഷ്ട്രീയ ലക്ഷ്യമുണ്ടെന്നു പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് രൂപീകരിക്കുന്നതിന്റെ പിന്നിൽ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ട്. ഈ നിയമസഭയിൽ തന്നെ പലപ്പോഴായി പല അംഗങ്ങൾ 24-7-1999-ൽ ശ്രീ ജോസഫും, ശ്രീ. ജോയിയുമടക്കമുള്ള ആളുകൾ ചോദ്യം ചോദിച്ചിട്ടുണ്ട്. ആ ചോദ്യത്തിനുള്ള അങ്ങയുടെ മറുപടി ഇതു സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ് എന്നാണ്. നിലവിലുള്ള തദ്ദേശ സ്വയംഭരണ സമിതികളുടെ കാലാവധി തീരുന്ന മുറക്കല്ലാതെ ഒരു മാറ്റവും പ്രാബല്യത്തിൽ വരുത്തുവാൻ പാടുള്ളതല്ല എന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരളാ മുനിസിപ്പാലിറ്റി ആക്ടിലും പറഞ്ഞിട്ടുണ്ട്. അതായത് ഒരു പഞ്ചായത്ത് സമിതി പോയിട്ട് മറ്റൊരു സമിതി വരുന്ന കാലഘട്ടത്തിൽ മാത്രമേ മാറ്റം വരുത്താനാകൂ എന്ന് അങ്ങ് ഉത്തരം പറഞ്ഞു. അതുപോലെ വീണ്ടും വേറെ ഉത്തരം പറഞ്ഞിരിക്കുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 4(2) വകുപ്പു പ്രകാരം നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സ്വഭാവത്തിൽ ഒരു മാറ്റവും വരുത്താൻ സാധ്യമല്ല. അപ്പോൾ ഇക്കാലമത്രയും ടൗൺ പഞ്ചായത്ത് രൂപീകരിക്കാതിരിക്കാനുള്ള കാരണങ്ങളായി മാറിയിരിക്കുന്നത് ഒരു സമിതി നിലവിലുണ്ടായിരുന്നു എന്നുള്ളതാണ്. ഇപ്പോൾ ആ സിമിതിയുടെ കാലാവധി തീരാൻ പോകുകയാണ്. അടുത്ത സമിതി വരാൻ പോകുകയാണ്. ഈയൊരു പീരിയഡിൽ മാത്രമേ നമുക്ക് ടൗൺ പഞ്ചായത്ത് രൂപീകരിക്കാൻ കഴിയുകയുള്ളുവെന്നും അന്ന് നടപ്പിലാക്കിയാൽ മതിയെന്നുമാണ്. നേരെ മറിച്ച് ഇനി പഞ്ചായത്ത് ഇല്ക്ഷൻ കഴിഞ്ഞ് ഒരു പുതിയ സമിതി വന്നു കഴിഞ്ഞാൽ വീണ്ടും അഞ്ചു വർഷം കഴിഞ്ഞല്ലാതെ ടൗൺ പഞ്ചായത്ത് ഉണ്ടാക്കാൻ സാധിക്കില്ല. അങ്ങയുടെ ഉത്തരം അനുസരിച്ച് പഞ്ചായത്ത് സമിതി കാലാവധി

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കുന്ന വേളയിൽ മാത്രമേ ടൗൺ പഞ്ചായത്ത് രൂപീകരിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ചെയ്യേണ്ട ശരിയായ സമയം ഇതാണ്. ഇപ്പോൾ ചെയ്യാതെ മനഃപൂർവ്വം വച്ചുകൊണ്ടിരിക്കുകയാണ്. ഇതു രാഷ്ട്രീയ ലക്ഷ്യം വച്ചാണ്. ഉദാഹരണത്തിന് എറണാകുളം കോർപ്പറേഷൻ, അവിടെ ഏലൂർ പഞ്ചായത്ത്, ഏലൂർ നല്ല വരുമാനമുള്ള ഒരു പഞ്ചായത്ത് ആണ്, ടൗൺ ആണ്. അതു ടൗൺ പഞ്ചായത്ത് ആക്കാതെ പഞ്ചായത്താക്കി വച്ചു കൊണ്ടിരിക്കുന്നത് എന്തിനാണ് ? അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് സി. പി. എം. വിമതഗ്രൂപ്പാണ്. അതുകൊണ്ട് അതിനെ കൊച്ചിൻ കോർപ്പറേഷനായിട്ടു മാറ്റുക. അല്ലെങ്കിൽ പഞ്ചായത്തായി നിലനിർത്തുക. കാക്കനാട്, കരിമുകൾ ആ ഏരിയയൊക്കെ കൊച്ചിൻ കോർപ്പറേഷനിൽപ്പെടുത്തണം. അങ്ങനെ ഭരിക്കാനുള്ള ശ്രമമാണ് അവിടെ നടക്കുന്നത്. കാക്കനാട് പഞ്ചായത്ത് ഭരിക്കുന്നത് കോൺഗ്രസ്സുകാരാണ്. രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് ടൗൺ പഞ്ചായത്ത് രൂപീകരിക്കാതെ കോർപ്പറേഷനാക്കാനുള്ള ശ്രമം നിങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് ശ്രീകാര്യം, നേമം തുടങ്ങിയ പഞ്ചായത്തുകൾ ടൗൺ പഞ്ചായത്താക്കാൻ പറ്റിയ പഞ്ചായത്തുകളാണ്. എറണാകുളത്താണെങ്കിൽ കരിമുകൾ, കാക്കനാട്, ഏലൂർ പ്രദേശങ്ങളൊക്കെ ടൗൺ പഞ്ചായത്താക്കാൻ സാധിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. ബാബു : എറണാകുളം കോർപ്പറേഷനെക്കൂടി ചേർക്കാൻ ശ്രമിച്ചതിനെക്കുറിച്ചല്ലേ പറഞ്ഞത്. കൊച്ചിൻ കോർപ്പറേഷന് തൊട്ടടുത്തു കിടക്കുന്ന പഞ്ചായത്തുകളൊന്നും കോർപ്പറേഷനിൽ കൂട്ടിച്ചേർക്കാതെ കോർപ്പറേഷന്റെ അതിർത്തിയിൽ നിന്നും വളരെ വിദൂരത്തുള്ള ചോറ്റാനിക്കര പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രദേശങ്ങളെ കോർപ്പറേഷനിൽ കൂട്ടിച്ചേർക്കാൻ രാഷ്ട്രീയമായി ഒരു തീരുമാനമെടുത്തു. അതിനെതിരായി ജനകീയ പ്രക്ഷോഭണം നടന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ : അങ്ങയുടെ പാർട്ടിയുൾപ്പെടെ യു. ഡി. എഫ് ഭരിക്കുന്ന കാലത്താണ് പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയാണെന്നു പ്രഖ്യാപിച്ചതിനുശേഷം ഉദാഹരണത്തിന് പന്തളം പഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്കിയതിനുശേഷം വീണ്ടും നിങ്ങൾ അതു പഞ്ചായത്ത് ആക്കിയ വിവരം അങ്ങ് മറച്ചു വയ്ക്കുന്നതാണോ?

ഡോ. എം. എ. കുട്ടപ്പൻ : പന്തളം മാത്രമല്ല, കൂത്താട്ടുകുളം, പിറവം, കളമശ്ശേരി ഇവിടെയൊക്കെ ഉണ്ടായിട്ടുണ്ട്. പക്ഷെ ഇങ്ങനെ അവിടെ മാറ്റിയപ്പോൾ പ്രക്ഷോഭണമുണ്ടായി. അപ്പോൾ ആ മുനിസിപ്പാലിറ്റി തിരിച്ചു പഞ്ചായത്താക്കി. ഇവിടെ ചെയ്തിരിക്കുന്നത് നമ്മൾ പാസ്സാക്കിയ ആക്ടിലും ഭരണഘടനയിലും ടൗൺ പഞ്ചായത്ത് രൂപീകരണ വ്യവസ്ഥയുണ്ടായിട്ട് ഒരു പഞ്ചായത്ത് സമിതി പോകുമ്പോൾ മാത്രമേ ടൗൺ പഞ്ചായത്ത് രൂപീകരിക്കാനാകൂ എന്ന് മന്ത്രി ഇവിടെ വ്യക്തമാക്കിയ സാഹചര്യത്തിൽ ടൗൺ പഞ്ചായത്താക്കാൻ പറ്റിയ 84 പഞ്ചായത്തുകൾ ഇവിടെയുണ്ടെന്ന് പഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കാരിന് റിപ്പോർട്ട് കൊടുത്തു. മുനിസിപ്പൽ ഡയറക്ടർ റിപ്പോർട്ടു കൊടുത്തു. ഡയറക്ടർ കൊടുത്ത കത്തിന്റെ നമ്പർ എൽ. 24274/96 പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പൽ ഡയറക്ടർ 84 പഞ്ചായത്തുകളെ ടൗൺ പഞ്ചായത്താക്കി മാറ്റാൻ പര്യാപ്തമാണ്, ചെയ്യേണ്ടതാണ് എന്ന് റിപ്പോർട്ട് കൊടുത്തിട്ട് ആ റിപ്പോർട്ട് എടുക്കാതെ അതു പൊടി തട്ടി വയ്ക്കുകയാണ് ചെയ്തത്.

ശ്രീ. പി. രാഘവൻ : ഡീസെൻട്രലൈസേഷൻ ബില്ലും അങ്ങ് പറയുന്നതും
12 NOON] തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : ഞാൻ പറയുന്നത് നാം പാസ്സാക്കിയ നിയമമാണ്. ഈ നിയമം പറയുന്നത് ടൗൺ പഞ്ചായത്ത് രൂപീകരണം. ടൗൺപഞ്ചായത്ത് രൂപീകരിച്ചെങ്കിൽ മാത്രമേ അധികാരങ്ങൾ സമ്പൂർണ്ണമാകുകയുള്ളൂ.

ശ്രീ. കെ. ബാബു : ഈ നിയമസഭയിൽ ശ്രീ. പി. രാഘവനുൾപ്പെടെയുള്ള ആളുകൾ ഇതിനുമുമ്പ് നടത്തിയിട്ടുള്ള പ്രസംഗങ്ങൾ പോലെതന്നെയാണല്ലോ ഇപ്പോൾ അങ്ങും ഈ ബില്ലിനെക്കുറിച്ച് പ്രസംഗിക്കുന്നത്.

ഡോ. എം. എ. കുട്ടപ്പൻ : എന്റെ ബഹുമാന്യനായ ശ്രീ. പി. രാഘവൻ.....

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ടൗൺ പഞ്ചായത്ത് രൂപീകരിക്കണമെന്ന് ഭരണഘടന ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശിച്ചിട്ടുണ്ട്. നമ്മൾ അംഗീകരിച്ചിട്ടുള്ള പഞ്ചായത്തിരാജ് ബില്ലിൽ ടൗൺ പഞ്ചായത്ത് രൂപീകരിക്കണമെന്ന് പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച് വ്യക്തമായിട്ട് വായിച്ചിട്ട് പറഞ്ഞാൽ മതി

ഡോ. എം. എ. കുട്ടപ്പൻ : ഞാൻ വായിക്കാം.

Chapter - II -

4 Constituion, alteration and conversion of Municipalities :- (1) The Government shall, by notification in the Gazette, constitute with effect from such date as specified in the notification,-

(f) Convert a Village Panchayat into a Town Panchayat ;

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : ഒരു വില്ലേജ് പഞ്ചായത്ത് ടൗൺ പഞ്ചായത്തായി മാറ്റുന്നതിന് വിരോധമില്ല എന്നുള്ളതല്ലേ ? അതു ഗവൺമെന്റ് തീരുമാനിക്കും. രണ്ട് മുനിസിപ്പാലിറ്റികളെ കോർപ്പറേഷനാക്കി, അതുപോലെ തന്നെ 20 പഞ്ചായത്തുകൾ വിഭജിച്ചു. അടുത്തുള്ള മുനിസിപ്പാലിറ്റിയോട് തൊട്ടടുത്ത പ്രദേശം കൂട്ടിച്ചേർത്തു. അതിന്റെ സൗകര്യത്തിനുവേണ്ടി കൂട്ടി ചേർത്തു. അതൊക്കെ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. നിർബന്ധമായി എവിടേയും പറഞ്ഞിട്ടില്ല.

ഡോ. എം. എ. കുട്ടപ്പൻ : സർ, അങ്ങ് നിയമസഭയിൽ ആൻസർ തന്നിരിക്കുന്നത് ടൗൺ പഞ്ചായത്ത് രൂപീകരിക്കണമെങ്കിൽ സാധാരണ ബുദ്ധിമുട്ടാണ് ; നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്നമുറയ്ക്ക് മാത്രമേ ചെയ്യാനാകൂ എന്നാണ് ഇപ്പോൾ സമിതിയുടെ കാലാവധി തീരാൻ പോകുകയാണ്. ഇപ്പോൾ ചെയ്തില്ലെങ്കിൽ പിന്നെ എപ്പോഴാണ് ചെയ്യുന്നത്. ഇനിയും അടുത്ത അഞ്ചുകൊല്ലം കഴിഞ്ഞിട്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ടൗൺ പഞ്ചായത്ത് കേരളത്തിൽ രൂപീകരിക്കണ്ട എന്നുള്ളതാണ് എൽ. ഡി. എഫ്. ഗവൺമെന്റിന്റെ നിലപാട്.

ഡോ. എം. എ. കുട്ടപ്പൻ : അതുശരി, സത്യം പറയുക, അങ്ങനെയാണെങ്കിൽ അങ്ങ് തന്നിരിക്കുന്ന ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് സമിതിയുടെ കാലാവധി തിരുന്ന മുറയ്ക്ക് ടൗൺ പഞ്ചായത്ത് രൂപീകരിക്കുമെന്നാണ്. ഇപ്പോൾ അങ്ങ് പറയുന്നു ടൗൺ പഞ്ചായത്ത് രൂപീകരിക്കാൻ സർക്കാരിന് ഉദ്ദേശമേ ഇല്ലെന്ന് എന്തൊരു ഗതികേടാണ്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : കാലാവധിതീരുന്ന മുറയ്ക്ക് രൂപീകരിക്കുമെന്നുള്ളതല്ല, കാലാവധി തീരുന്ന മുറയ്ക്കേ അതിനെക്കുറിച്ച് മാറ്റം വരുത്താൻ പാടുള്ളുവെന്നാണ് നിലവിലുള്ള വ്യവസ്ഥ.

ഡോ. എം. എ. കുട്ടപ്പൻ : കാലാവധി തീരാൻ പോകുകയാണ്. അപ്പോൾ ഒരുകാര്യം വ്യക്തമായി നമ്മൾ പാസ്സാക്കിയ നിയമപ്രകാരവും ഭരണഘടനാപരവുമായി പറയുന്ന ടൗൺ പഞ്ചായത്ത് രൂപീകരിക്കേണ്ടായെന്ന് ഈ സർക്കാർ തീരുമാനിച്ചു. ശരി, അത് ജനങ്ങൾ അറിയട്ടെ. അപ്പോൾ ഇതു വെറും രാഷ്ട്രീയമായിരുന്നു. ഏലൂർ പഞ്ചായത്ത്, കാക്കനാട് പഞ്ചായത്ത്, ചോറ്റാനിക്കര പഞ്ചായത്ത് ഇവിടെയൊക്കെ അപകടമുണ്ടാകുമെന്ന് മനസ്സിലാക്കിയപ്പോൾ അത് ടൗൺപഞ്ചായത്താക്കുന്നില്ല. ഇത് രാഷ്ട്രീയം അത്രയേയുള്ളൂ. നയം വ്യക്തമാക്കി. ഇത് നേരത്തെ പറഞ്ഞാൽ മതിയായിരുന്നു. രണ്ടാമത്തെ കാര്യം, കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗ് ഒരിക്കലും പരിപൂർണ്ണമായിട്ടില്ല. നാം ഈ നിയമസഭയിൽവച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം പാസ്സാക്കി കൊടുക്കുന്നുണ്ട്. ആ പണം ചെലവഴിച്ച് കഴിയുമ്പോൾ അത് എങ്ങനെ ചെലവഴിച്ചു, അതിന്റെ വിനിയോഗത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഈ സഭയ്ക്ക് കിട്ടാൻ അർഹതയുള്ളതാണ്. മൊത്തം 990 പഞ്ചായത്തുകളുള്ളതിൽ 350 പഞ്ചായത്തുകളിൽ മാത്രമേ ആഡിറ്റിംഗ് നടന്നിട്ടുള്ളൂ. അതുപോലെ 152 ബ്ലോക്ക് പഞ്ചായത്തുള്ളതിൽ 79 എണ്ണത്തിൽ മാത്രമേ ആഡിറ്റിംഗ് നടന്നിട്ടുള്ളൂ. 14 ജില്ലാപഞ്ചായത്തുകളുള്ളതിൽ നാലെണ്ണത്തിൽ മാത്രമേ ആഡിറ്റിംഗ് നടന്നിട്ടുള്ളൂ. 55 മുനിസിപ്പാലിറ്റികളുള്ളതിൽ മൂന്ന് സ്ഥലത്തെ ആഡിറ്റിംഗ് നടന്നിട്ടുള്ളൂ. 1998-1999-ൽ, 66 ഗ്രാമപഞ്ചായത്തുകളിലും 18 ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു ജില്ലാ പഞ്ചായത്തിലും മാത്രമേ ആഡിറ്റിംഗ് നടന്നിട്ടുള്ളൂ. അപ്പോൾ ഇത്രയേറെ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും ബ്ലോക്ക് പഞ്ചായത്തുമുണ്ടായിട്ട് അപൂർവ്വം സ്ഥാപനങ്ങളിൽ മാത്രമേ ആഡിറ്റിംഗ് പൂർത്തിയായിട്ടുള്ളൂ. ഈ പണം എങ്ങനെ ചെലവഴിച്ചു ? ഇതിൽ ക്രമക്കേടുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സൗകര്യം ഈ സഭയ്ക്ക് കിട്ടുന്നില്ല. സാധാരണഗതിയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർമാർ ഇതു മുഴുവൻ കമ്പയിൽ ചെയ്ത് കൺസോളിഡേറ്റഡ് റിപ്പോർട്ടുണ്ടാക്കി നിയമസഭയിൽ വയ്ക്കേണ്ടതാണ്. കഴിഞ്ഞ രണ്ട് മൂന്നുവർഷമായി ത്രിതല പഞ്ചായത്ത് ചെലവഴിച്ച തുകയെപ്പറ്റി കണക്കു ലഭ്യമായിട്ടില്ല. ബഹുഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അത് ഗ്രാമപഞ്ചായത്താകട്ടെ, ബ്ലോക്ക് പഞ്ചായത്താകട്ടെ അവിടെയൊന്നും ആഡിറ്റിംഗ് നടന്നിട്ടില്ല. അതിന്റെയർത്ഥം ഈ പണമൊക്കെ ദുരുപയോഗപ്പെടുത്തുന്നതിന്റെ ചിത്രം പുറത്തുവരാൻ ഇഷ്ടപ്പെടുന്നില്ല എന്നാണ്. ഇതിനെക്കുറിച്ച് എത്രയോ പരാതികളുണ്ട്. പഞ്ചായത്ത് തലങ്ങളിൽ ഫണ്ട് വിനിയോഗിക്കുന്നതിനെക്കുറിച്ച് ധാരാളം പരാതികളുണ്ട്. അവിടെ ആഡിറ്റിംഗ് നടത്തുന്നില്ല. അത് ആർക്കും accountable അല്ല. ആർക്കും ഉത്തരവാദിത്വമില്ലെന്നുള്ള മട്ടിൽ പോയിരിക്കുന്നു. രണ്ടാമത്തെ കുഴപ്പം അധികാരവും പണവും താഴെത്തട്ടിൽ കൊടുത്തപ്പോൾ അതിന് accountability വേണ്ടതായിരിന്നു. കഴിഞ്ഞ രണ്ട് മൂന്ന് വർഷമായി ഇവിടെ അത് ഉണ്ടായിട്ടില്ല. മൂന്നാമത്തെ പ്രധാനപ്പെട്ട വിഷയം, ഇവിടെ പറഞ്ഞതാണ്. ഫോട്ടോസ്റ്റാറ്റ് മെഷീന് അങ്ങ് നിർദ്ദേശിച്ച പ്രകാരം ആറ് കോടി അറുപത്തിയൊമ്പത് ലക്ഷം രൂപ സംഭരിച്ചിട്ടുണ്ട്. ഇത് തിരുവനന്തപുരത്തെ ട്രഷറിയിൽ ഇട്ടിരിക്കുകയാണ്. രണ്ട്, മൂന്ന് വർഷം കഴിഞ്ഞു. ഇന്നുവരെ ആ ഫോട്ടോ കോപ്പിയർ വാങ്ങിയിട്ടില്ല. അധികാരം താഴെത്തട്ടിൽ കൊടുത്തതാണ്. പഞ്ചായത്ത് വാങ്ങുമായിരുന്നു. അതിനുപകരം ആ പണം തിരിച്ചു പിടിച്ചു രണ്ട് മൂന്നു വർഷമായി തിരുവനന്തപുരത്തെ വെള്ളയമ്പലത്തുള്ള സബ്-ട്രഷറിയിൽ ഇട്ടിരിക്കുകയാണ്. എന്താണ് കാരണം ? ഈ സാധനം മൊത്തം വാങ്ങുമ്പോൾ ചിലപ്പോൾ കമ്മീഷൻ കിട്ടുമായിരിക്കും. എനിക്കറിയില്ല, കമ്മീഷൻ വാങ്ങാൻ വേണ്ടിയാണോ എന്നെനിക്കറിയില്ല. ഈ ഫണ്ട് സമാഹരിച്ചില്ലായിരുന്നുവെങ്കിൽ പഞ്ചായത്തുകൾ അവർക്ക് ഇഷ്ടംപോലെ വാങ്ങുമായിരുന്നു. അത് വാങ്ങാതെ ഈ പണം സ്വരൂപിച്ച് ട്രഷറിയിലിട്ടിരിക്കുന്നു. പലിശപോലുമില്ല. അപ്പോൾ അധികാരം താഴെത്തട്ടിൽ കൈമാറിയിട്ട് മടക്കിയെടുക്കുകയാണ്. അതുപോലെ തന്നെ വൈദ്യുതി ലൈൻ എക്സ്റ്റന്റ് ചെയ്യാൻ വേണ്ടി ത്രിതല പഞ്ചായത്തുകൾ പണം വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. അങ്ങനെ പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ പോലും ആ പണി നടന്നിട്ടില്ല. ഉദാഹരണം പറയട്ടെ 1997-98-ൽ ത്രിതല പഞ്ചായത്തുകൾ മുപ്പത്തിയാറ് കോടി അൻപത്തിയാറ് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി നൂറ്റിയാറ് രൂപ ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. 1998-99-ൽ ഇരുപത്തിയഞ്ച് കോടി എൺപത്തിമൂന്ന് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അറുനൂറ്റി പന്ത്രണ്ട് രൂപ ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. രണ്ട് മൂന്ന് വർഷമായി ഈ തുക വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഒട്ടേറെ പണിയുണ്ടായിട്ടും വളരെ കുറച്ച് വർക്കുകൾ മാത്രമേ നടത്തിയിട്ടുള്ളൂ. ഇപ്പോൾ 29-2-2000-ലെ മറുപടിപ്രകാരം 1997-98-ൽ 325 പണികളും 1998-99-ൽ 2593 പണികളും ചെയ്യാനുണ്ട്. പണമടച്ചിട്ടും ആ പണി നിർവഹിക്കാൻ കഴിയുന്നില്ല. എന്താണ് കാരണമെന്ന് എനിക്കറിഞ്ഞുകൂടാ. തിരുവനന്തപുരം കോർപ്പറേഷനകത്തും കുറെ വർക്കുകൾ നടത്താൻ തീരുമാനമെടുത്തിട്ട് പണി നടത്താൻ കഴിയുന്നില്ല. ഉദാഹരണം പറയട്ടെ, കാടക്കോഴി വളർത്തൽ, മത്സ്യമേഖലയിൽ ബോധവൽക്കരണം, ടീച്ചേഴ്സ് ബാങ്ക്, ഹൈടെക് എഞ്ചിനീയറിംഗ് കോളേജ് പാലിയേറ്റീവ് കാൻസർ കെയർ പദ്ധതി, നഗര സന്ദർശകർക്ക് ശുദ്ധജലം ലഭ്യമാക്കൽ, തെരുവ് വിളക്ക് സ്ഥാപിക്കാൻ കോൺക്രീറ്റ് പോസ്റ്റ് നിർമ്മിക്കൽ ഇങ്ങനെ കുറെ സ്കീമുകൾ പറഞ്ഞിട്ട് നടപ്പാക്കാൻ പറ്റാത്തത് അസംസ്കൃത

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങളുടെ ലഭ്യതക്കുറവ്, പദ്ധതി നടപ്പാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട്, ജില്ലാ പ്ലാനിംഗ് എക്സ്പെർട്ട് കമ്മിറ്റിയുടെ അനുമതി ലഭിക്കായ്മ; എന്നിവയൊക്കെയാണ് ജനങ്ങൾ സ്വയം കൂടിയിരുന്ന് ജനകീയാസൂത്രണപ്രകാരം പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ അതിൽ അനുമതി കൊടുക്കാൻ ജില്ലാ പ്ലാനിംഗ് എക്സ്പെർട്ട്സ് കമ്മിറ്റി തയ്യാറാകുന്നില്ല. നാം ജനകീയാസൂത്രണമെന്ന് പറയുന്നു. ജനകീയാസൂത്രണ പ്രകാരം ചെയ്യുമ്പോൾ പറ്റുകയില്ലെന്നു പറയാൻ ജില്ലാ പ്ലാനിംഗ് എക്സ്പെർട്ട്സ് കമ്മിറ്റി ആരാണ് ? സുൽത്താനോ ? അപ്പോൾ ജനകീയാസൂത്രണമെന്ന് ഒരു വശത്ത് പറയുക, ജനങ്ങൾ പദ്ധതി ആവിഷ്ക്കരിക്കുക, ആ പദ്ധതിയെ തള്ളിക്കളയാൻ, അതിനെ തുരങ്കം വയ്ക്കാൻ മുകളിൽ ഒരു എക്സ്പെർട്ട്സ് കമ്മിറ്റി ഇരിക്കുന്നു. യഥാർത്ഥത്തിൽ ജനകീയാസൂത്രണം പരിപൂർണ്ണമാകണമെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുമാത്രമേ നിയമം പാസ്സാക്കാവൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്കിൽ മാർക്സിസ്റ്റ് പാർട്ടി അംഗമായ ഒരു ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി വിജയമ്മ ആത്മഹത്യക്ക് ശ്രമിച്ച് ഇപ്പോൾ ആശുപത്രിയിലാണ്. അവർ എഴുതിവച്ച് കത്തിൽ പാർട്ടി അവരെ പീഡിപ്പിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടി വനിതാ സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രസംഗിക്കുകയും സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ പീഡിപ്പിക്കുകയും ചെയ്യുന്നതിന്റെ തെളിവല്ലേ കൊല്ലങ്കോട്ട് ബ്ലോക്ക് പഞ്ചായത്ത് മെമ്പറുടെ ആത്മഹത്യാ ശ്രമം ?

ഡോ. എം. എ. കുട്ടപ്പൻ : ഇത് പാലക്കാട് ജില്ലയിൽ മാത്രമല്ല, സംസ്ഥാനത്തിന്റെ പല ഭാഗത്തും.....

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണായിരുന്ന വനിതാ മെമ്പർ അങ്ങനെ ഒരു കത്തും എഴുതിവച്ചിട്ടില്ല. അവരുടെ ആത്മഹത്യാ ശ്രമത്തിനുള്ള കാരണം, കുടുംബപരമായ, സാമ്പത്തികപരമായ പ്രശ്നങ്ങളാണെന്ന് പറഞ്ഞിട്ടുണ്ട്. അതാണ് സത്യം. അത് ദുർവ്യാഖ്യാനിക്കുന്നത് ശരിയല്ല. അദ്ദേഹം പറഞ്ഞത് സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണം.

ഡോ. എം. എ. കുട്ടപ്പൻ : കത്ത് എഴുതിവച്ചു എന്ന് പത്രത്തിൽ വാർത്ത വന്നതാണ്. അത് തെറ്റാണെങ്കിൽ, അന്തസ്സ് ഉണ്ടെങ്കിൽ ആ പത്രത്തിനെതിരായി മാനനഷ്ടത്തിന്, അപകീർത്തിക്ക് കേസ് ഫയൽ ചെയ്യണം. ഇത് പാലക്കാട് ജില്ലയിൽ മാത്രമല്ല, സംസ്ഥാനത്ത് ഒട്ടാകെയുള്ള ഒട്ടേറെ പഞ്ചായത്തുകളിൽ മാർക്സിസ്റ്റു പാർട്ടിയുടെ പഞ്ചായത്ത് മെമ്പർമാർ.....

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു ഡോക്ടറാണ്. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. ഒരു ടെമ്പററി ഇൻസാനിറ്റി ഏത് മിനിട്ടിലും ഏത് മനുഷ്യനും വന്നുകൂടേ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അത് പീഡനം കൊണ്ടും വന്നുകൂടേ ?

ഡോ. എം. എ. കുട്ടപ്പൻ : അത് ഞാൻ സമ്മതിക്കുന്നു. അതായത് പെട്ടെന്ന് ഒരു നിമിഷം ഒരു ദൗർബല്യംകൊണ്ട് ആത്മഹത്യ ചെയ്തുവെന്നു വരാം. പക്ഷെ അത് ദീർഘകാലമായി അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനത്തിന്റെ പരിണതഫലം മാത്രമാണ്. പാലക്കാട് ജില്ലയിൽ അങ്ങയുടെ പാർട്ടിയിലെ സുഹൃത്തുക്കൾ.....

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്ന് അങ്ങ് പറയുന്നത് ഇതുകൊണ്ടാണോ ?

ഡോ. എം. എ. കുട്ടപ്പൻ : ഇതുൾപ്പെടെ, അങ്ങയുടെ പാർട്ടിയിലെ പഞ്ചായത്ത് അംഗങ്ങൾ അനുഭവിക്കേണ്ടിവരുന്ന പീഡനമുൾപ്പെടെയുള്ള കാര്യങ്ങൾ ഈ ചർച്ചയിൽ പെടേണ്ടതാണ്.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഡോ. എം. എ. കുട്ടപ്പൻ, ബഹുമാനപ്പെട്ട ബ്ലോക്ക് മെമ്പറുടെ വത്സലക്കുട്ടി അമ്മ എന്ന പേര് മാറ്റി വിജയമ്മ എന്നാക്കി ഒരു ഓറൽ ഇമ്പേർസൊണേഷൻ നടത്തിയിരിക്കുകയാണ്. ആ മെമ്പറുടെ പേര് വത്സലക്കുട്ടി അമ്മ എന്നാണ്. വിജയമ്മ എന്നല്ല. വിജയമ്മ എന്ന മെമ്പർ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചിട്ടില്ല.

ഡോ. എം. എ. കുട്ടപ്പൻ : ഞാൻ ആരുടെയും പേര് മാറ്റിയിട്ടില്ല. അവർക്ക് ഒരു പേരുണ്ട്. വത്സലക്കുട്ടി അമ്മ. എനിക്ക് പേര് അറിഞ്ഞുകൂടാ. എനിക്ക് ആ മെമ്പറെ അറിഞ്ഞുകൂടാ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ ജി. സുധാകരൻ പറഞ്ഞതാണ് ശരി. മാർക്സിസ്റ്റു പാർട്ടിയുടെ പീഡനം കൊണ്ട് ആത്മഹത്യക്ക് ശ്രമിച്ചത് വത്സലക്കുട്ടി അമ്മയാണ്. അത് ശരിയാണ്.

ഡോ. എം. എ. കുട്ടപ്പൻ : അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ താഴെത്തട്ടിൽ മെമ്പർമാരെ പീഡിപ്പിക്കുന്ന സംഭവം നടന്നുകൊണ്ടിരിക്കുകയാണ്. സി. പി. ഐ. (എം.)-ലെ മെമ്പർമാർ മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങൾക്കും ഈ പീഡനം ഉണ്ടെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ. ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : അടുത്ത ബിൽ പാസ്സാക്കിയതിനുശേഷം ഈ ബില്ലിന്റെ ചർച്ച തുടരാം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ

ശ്രീ. പി. കെ. കുമാരൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായിട്ടാണ് കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ ഈ സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിച്ചിട്ടുള്ളത്. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

VIII അറിയിപ്പ്

ബി. എ. സി. യോഗതീരുമാനം സംബന്ധിച്ച്

മി. സ്പീക്കർ : അടുത്ത ബില്ലിലേക്ക് കടക്കുന്നതിനു മുൻപ്, ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി ഇന്ന്, ഇപ്പോൾ യോഗം ചേരുകയുണ്ടായി. അതിൽ നാളത്തെ ബിസിനസ്സിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നാളത്തെ ബിസിനസ്, ഇവിടെ സഭ അംഗീകരിച്ചിട്ടുള്ള ബിസിനസ് എന്നു പറയുന്നത് രാവിലെ 9 മണിക്ക് ആരംഭിച്ച് 12.30 വരെ, പിന്നെ 3 മണിക്ക് വീണ്ടും ചേർന്ന് കാര്യവിവരപ്പട്ടികയിലെ ബിസിനസ്സ് തീരുന്നതുവരെ എന്നാണ്. പക്ഷെ ഇന്ന് യോഗം ചേർന്നിട്ട് സമയത്തിൽ തന്നെ ഒരു മാറ്റം വരുത്തി. 9 എന്നുള്ളത് 8.30 മുതൽ ആരംഭിക്കും. അതുസംബന്ധിച്ച് ഇവിടെ റിപ്പോർട്ട് കൊണ്ടുവരാൻ സമയം ഇല്ലാത്തതുകൊണ്ടാണ് ചെയർ അനൗൺസ് ചെയ്യുന്നത്. 8.30 ന് ആരംഭിച്ച് 12.30 വരെ, പിന്നെ തീർന്നില്ലെങ്കിൽ 3 മണിക്ക് ആരംഭിച്ച് തീരുന്നതുവരെ ഇതാണ് ടൈം. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 130 അനുസരിച്ച് അവതരിപ്പിക്കുന്ന ഒരു പ്രമേയം ഉണ്ട്. അതിനെ സംബന്ധിക്കുന്ന ചർച്ചയാണ് ആദ്യം നടക്കുന്നത്. അത് 8.30 മണിക്ക് ആരംഭിക്കും. നാളെ ചോദ്യോത്തരങ്ങൾ ഇല്ല, മറ്റു നടപടികൾ ഒന്നും ഇല്ല. 8.30 ന് റൂൾ 130 അനുസരിച്ചുള്ള മുഖ്യമന്ത്രിയുടെ പ്രമേയവും ചർച്ചയും തുടർന്നുള്ള നടപടികളും. അതിനു ശേഷം ഈ ബില്ലിന്റെ ബാക്കിയും. ഈ രൂപത്തിലുള്ള ഒരു മാറ്റമാണ്. ഇത് സഭയ്ക്ക് അംഗീകരിക്കാമല്ലോ.

(ബി. എ. സി. യുടെ യോഗതീരുമാനം സഭ അംഗീകരിച്ചു)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ദി കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ് മെന്റ്) ബിൽ - 2000 (തുടർച്ച)

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ;

ശ്രീ. ജോൺ ഫെർണാണ്ടസ് : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച ഭേദഗതിയെ ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.....

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(113) In Section 3 of the Act III 1082, proposed to be amended by clause 2 (2) (ii) after the words "may" and before the words "with prior permission of Government" insert the words "if found necessary".

(137) The provision proposed to be added to Section 5 of Act III of 1082, by clause 2(5) shall be deleted.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(115) In clause 2 (2) after item (ii) add the following as item (iii) namely (iii) to section 3 add the following provision, namely:-

"Provided that any person or organisation may provide a ferry across such channel within the forbidden limit on the strength of a licence granted by the Municipality or the Village Panchayat as the case may be and in accordance with the terms and conditions stipulated therein".

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(116) Sub-clause 2 of clause (2) shall be redrafted as follows:-

"(2) in section 3 and in the subsequent sections for the word "Diwan" the words "a Municipality or a Village Panchayat" shall be substituted.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(116) Sub-clause 2 of clause (2) shall be redrafted as follows:-

"(2) in section 3 and in the subsequent sections for the word "Diwan" the words "a Municipality or a Village Panchayat" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(128) In Section 4 of the Act III of 1082, proposed to be subsituted by clause 2 (4) the word "Village" may be inserted in between the words "the" and "Panchayat" in the 3rd line.

നമ്മുടെ ഈ ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് നിയമം പരിഗണനയ്ക്ക് വരുന്ന സമയത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായി കാണാൻ കഴിയുന്നത് ഇന്ന് നിലവിലിരിക്കുന്ന പഴയ അനവധി നിയമങ്ങൾ, നേരത്തെ തിരു-കൊച്ചി, മലബാർ ഒക്കെ നിലനിന്നിരുന്ന സമയത്ത് ഉണ്ടായിരുന്ന നിയമങ്ങളുടെ ചില വകുപ്പുകൾ ഭേദഗതി ചെയ്ത് ഇതിനോട് കൂട്ടിച്ചേർക്കുകയാണ്. അപ്പോൾ അതിനുപകരം സമഗ്രമായ ഒരു കേരള ആക്ട് നിലവിൽ കൊണ്ടുവരാൻ ഭാവിയിൽ നമ്മൾ പരിശ്രമിക്കേണ്ടതായിട്ടുണ്ട്. അതുപോലെ ജനകീയാസൂത്രണ പ്രക്രിയ ഏറ്റവും സുഗമമാക്കാനുള്ള എല്ലാ ഭേദഗതികളും ഗുണകരമായിത്തീരും എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതിനാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം പഴയ കാലത്ത് നിലനിന്നിരുന്ന, മലബാർ തിരു-കൊച്ചി പ്രദേശത്ത് ബാധകമാകുന്ന ഈ ആക്ട് പരിഷ്ക്കരിച്ചുകൊണ്ട് ഒരു കേരളാ ആക്ട് കൊണ്ടുവരാൻ ഈ സമയത്ത് പരിശ്രമിക്കേണ്ടതാണ്.

ശ്രീ: തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(120) In the new Section 3 A of Act III of 1082, proposed to be inserted by clause 2 (3) after the words "ferries" the words "and toll gates" shall be inserted.

(125) In Section 4 of the Act III of 1082, proposed to be subsituted by clause 2 (4) the word "such" appearing after the words "wherever any" shall be deleted

(126) In Section 4 of the Act III of 1082, proposed to be subsituted by clause 2 (4) the word "and" appearing after the word "ferries" shall be substituted by the word "or".

(132) In Section 4 of the Act III of 1082, proposed to be subsituted by clause 2 (4) the word "they" appearing before the words "shall maintain" shall be substituted by the words "he or the lessee".

(136) In clause 2 (5) (ii) the words "in the Gazette" may be added after the words "by notification".

(145) In the marginal heading of the new Section 7A of Act III of 1082, proposed to be inserted by clause 2 (8) the words " a Village Panchayat or a Municipality" may be rearranged as "a Municipality or a Village Panchayat".

LIBRARY ARCHIVES Kerala Legislative Assembly

(146) In the new Section 7A (1) of Act III of 1082, proposed to be inserted by clause 2 (8) the words "made default"shall be substituted by the word "defaulted".

(151) In the new Section 7A (1) of Act III of 1082, proposed to be inserted by clause 2 (8) after the words "Period" the words "of four weeks" may be inserted.

(152) In the new Section 7A (1) of Act III of 1082, proposed to be inserted by clause 2 (8) after the words "fix a period", insert "of not less than three months".

(153) In the new Section 7A (2) of Act III of 1082, proposed to be inserted by clause 2 (8) in the second line, after the word "period", the following words shall be inserted "of four weeks".

(155) In the new Section 7A (2) of Act III of 1082, proposed to be inserted by clause 2 (8) the words "the Village Panchayat" or Municipality may be rearranged as "the Municipality or Village Panchayat".

(157) In the new Section 7A (2) of Act III of 1082, proposed to be inserted by clause 2 (8) in the fourth line, the words "may not be pursued" may be substituted by the words "should not be taken".

(159) In the new Section 7A (2) of Act III of 1082, proposed to be inserted by clause 2 (8) the word "the" after the words "authority to perform" shall be subsituted by the word "such".

(160) In the new Section 7A (2) of Act III of 1082, proposed to be inserted by clause 2 (8) the words "the fuctions" after the words "carry out" shall be substituted by the words "such order".

ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വളരെ ലാഘവത്തോടുകൂടിയാണ് ഗവൺമെന്റ് വളരെ ധൃതിയിൽ ഈ ഡീസെൻട്രലൈസേഷൻ ബിൽ കൊണ്ടു വന്നിരിക്കുന്നത്. ഇവിടെ 150 വർഷക്കാലമായി നിലനിൽക്കുന്ന തിരു-കൊച്ചി, മലബാർ മേഖലകളിലെ കാലഹരണപ്പെട്ട നിയമങ്ങൾ 1082 മുതലുള്ള പല നിയമങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള അധികാര വികേന്ദ്രീകരണം വന്നതിന്റെ ഭാഗമായിട്ട് അതിനുവേണ്ട ഒരു ഡീസെൻട്രലൈസേഷൻ, കൂടുതൽ അധികാരം കൊടുക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് ഈ ഭേദഗതി നിയമം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. പക്ഷെ വേണ്ടത്ര മുൻകരുതലോ, ശ്രദ്ധയോ, ആത്മാർത്ഥതയോ ഇക്കാര്യത്തിൽ ഗവൺമെന്റ് കാണിച്ചിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. പലരും നേരത്തെ പറഞ്ഞ കാര്യങ്ങളാണ്. ഇത്തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് അധികാര വികേന്ദ്രീകരണം നടത്തുവാൻ വേണ്ടി അതിലുള്ള നിയമതടസങ്ങൾ മാറ്റിക്കൊണ്ട് ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ഈ സഭയിലെ അംഗങ്ങൾക്ക് ഏതെല്ലാം വകുപ്പിൽ എന്തെല്ലാം മാറ്റം ഉണ്ടാകുന്നു. ഇതിനകത്തുള്ള പല നിയമങ്ങളും കാലഹരണപ്പെട്ട അതിന്റെ റഫറൻസുകൾ ലഭിക്കാത്ത നിയമങ്ങൾ ഉണ്ട്. അതൊക്കെക്കൂടി തേടിപ്പിടിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണം നടത്തുന്നത് ഡീസെൻട്രലൈസേഷന്റെ പേരിൽ എന്നു പറയുമ്പോൾ കുറേക്കൂടി സമയവും കുറേക്കൂടി ശുഷ്ക്കാന്തിയും, കുറേക്കൂടി ചർച്ചയും ഇക്കാര്യത്തിൽ ആവശ്യമാണ്. ഞങ്ങളാരും ഈ അധികാര വികേന്ദ്രീകരണത്തിന് എതിരല്ല. പരമാവധി അധികാര വികേന്ദ്രീകരണം നടത്തണം. പക്ഷെ പലപ്പോഴും അധികാര വികേന്ദ്രീകരണം എന്നു പറഞ്ഞുകൊണ്ട് ഡീസെൻട്രലൈസേഷനു പകരം കേന്ദ്രീകരണമാണ് പലരംഗത്തും നമുക്ക് കാണുവാൻ കഴിയുന്നത്. 150 വർഷക്കാലം പഴക്കമുള്ള തിരു-ക്കൊച്ചിയിലെ, മലബാറിലെ, പഴയ മദ്രാസ് സംസ്ഥാനത്തെയൊക്കെ ഒരുപാട് പഴയ നിയമങ്ങൾ, അതെല്ലാംകൂടി ഏകീകരിച്ച്, ക്രോഡീകരിച്ചുകൊണ്ട് അതിനുവേണ്ട മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇത്തരത്തിൽ ഒരു ബിൽ ഇവിടെ കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറായപ്പോൾ കുറേക്കൂടി ശുഷ്ക്കാന്തി ഇക്കാര്യത്തിൽ ഗവൺമെന്റ് കാണിക്കണമായിരുന്നു. സഭയെ പൂർണ്ണമായി ഇക്കാര്യത്തിൽ ഗവൺമെന്റ് കോൺഫിഡൻസിൽ എടുത്തിട്ടില്ല. ധൃതിയിൽ, ഇപ്പോൾ പയ്യാവൂർ പ്രശ്നത്തിൽ നിയമം കൊണ്ടുവന്ന മാതിരി, ഞാൻ നിയമമന്ത്രിയെ കുറ്റപ്പെടുത്തുകയൊന്നുമില്ല, കുറേക്കൂടി ശുഷ്ക്കാന്തി, കുറേക്കൂടി നല്ല ഒരു സമീപനം എല്ലാവരെയും കോൺഫിഡൻസിൽ എടുത്തുകൊണ്ട്, ഈ സഭ നിയമ നിർമ്മാണ രംഗത്ത് ഒരുപാട് മാതൃക കാണിച്ച ഒരു സഭയാണ്, ഒരു പാട് നല്ല നിയമനിർമ്മാണം നടത്തിയിട്ടുള്ള സഭയാണ്, നമ്മുടെ സഭ പലതിനും മാതൃകയാണ്. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ, ഈ ഒരു കാര്യത്തിലും വളരെ പ്രധാനപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റി പുതിയ നിയമങ്ങൾ കൊണ്ടുവരുന്ന കാര്യത്തിൽ അനാസ്ഥയാണ് കാണിക്കുന്നത്. നിങ്ങൾ പറഞ്ഞതെന്താണ്, അധികാര വികേന്ദ്രീകരണം നടത്തുമ്പോഴേയ്ക്ക് പല തടസ്സങ്ങളും നിയമരംഗത്ത് ഉള്ളതുകൊണ്ട് ഈ നിയമം ക്രോഡീകരിച്ചുകൊണ്ട്, ഏകീകരിച്ചുകൊണ്ട് നടപ്പിലാക്കുമെന്നാണ്. എന്നാൽ വളരെ നിർഭാഗ്യകരമെന്ന് പറയട്ടെ, ആ ബിൽ കണ്ടാൽ തന്നെ നേരത്തെ ശ്രീ. കുട്ടപ്പൻ പറഞ്ഞതുപോലെ ഒരു അവിയൽ പരുവമാണ്. അവിയൽ നല്ല കറിയാണെങ്കിലും ചേരേണ്ട എല്ലാ ചേരുവകളും ചേരണ്ടേ. ഡീസെൻട്രലൈസേഷൻ എന്ന അവിയലിൽ എല്ലാം ചേർന്നിട്ടില്ല എന്നതാണ് അതിനകത്തുള്ള എന്റെ ഒരു പ്രധാനപ്പെട്ട പരാതി. അവിയൽ നല്ല കറിയാ. പുളിശ്ശേരിയും, അവിയലുമൊക്കെ നമുക്ക് സദ്യക്ക് ആവശ്യമാണ്. അവിയലിൽ ചേരേണ്ട എല്ലാ ചേരുവയും ചേർക്കണം, എങ്കിലല്ലേ അവിയൽ അവിയലാകുകയുള്ളൂ. നിർഭാഗ്യവശാൽ ഈ അവിയൽ ബിൽ, ഡീസെൻട്രലൈസേഷൻ ബിൽ, ചേരേണ്ട എല്ലാ ചേരുവകളും ചേരാത്ത ഒന്നാണ്. അതിനെ അവിയലായി അംഗീകരിക്കാൻ നിവൃത്തിയില്ല. അതാണെന്റെ പരാതി. ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly

ഇനിയെങ്കിലും ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തുമ്പോൾ കുറേക്കൂടി ശുഷ്ക്കാന്തിയും, കാര്യക്ഷമതയും വേണം. നിയമം കൊണ്ടു വരുന്നത് ഗവൺമെന്റാണെങ്കിലും അത് കേരളത്തിന്റെ മുഴുവൻ സ്വത്താണ്; ഈ സഭയുടെ മുഴുവൻ സ്വത്താണ്. ഇവിടെ പലരും പറഞ്ഞപോലെ ഒരു വിഭാഗത്തിന്റെ മാത്രമല്ല. ഈ നിയമനിർമ്മാണം നാളെ വളരെ പ്രധാനപ്പെട്ട ഒരു രേഖയായി മാറുകയാണ്. ആ ഒരു കാര്യത്തിൽ കൂടേക്കൂടി അംഗങ്ങളെ കോൺഫിഡൻസിൽ എടുത്തുകൊണ്ട് ആവശ്യമായ ചർച്ച ഈ കാര്യത്തിൽ നടന്നിട്ടില്ല എന്ന യാഥാർത്ഥ്യം പറയാതെ ഞാൻ ഈ വകുപ്പിലേക്ക് കടക്കുന്നത് ഭംഗിയല്ല എന്നതുകൊണ്ടു മാത്രം പറയുന്നു, മേലിലെങ്കിലും അധികാര വികേന്ദ്രീകരണത്തിൽ ആയിരുന്നാലും എന്തിലായിരുന്നാലും ഒരുപാട് നിയമനനിർമ്മാണം നടത്തി മാതൃക കാണിച്ച ഈ സഭ ഇതുപോലുള്ള വലിയ പ്രധാനപ്പെട്ട നിയമനിർമ്മാണം നടത്തുമ്പോൾ കുറേക്കൂടി ശുഷ്ക്കാന്തിയും, ശ്രദ്ധയും കാണിക്കണം. ഈ ബില്ലിൽ ഗവൺമെന്റ് അത് കാണിച്ചിട്ടില്ല എന്ന് ഞാൻ പറയുമ്പോൾ ഒരു പ്രതിപക്ഷ എം. എൽ. എ. ആയതുകൊണ്ട് പറയുന്നതല്ല, ഈ സഭയുടെ മൊത്തം വികാരമായിട്ട് ഞാൻ കാണുകയാണ്. അത് മേലിൽ ഉണ്ടാകാൻ പാടില്ല എന്നാണ് എനിക്ക് വിനീതമായി പറയാനുള്ളത്. ഞാൻ വളരെ ചുരുക്കിപ്പറയാം, ഇവിടെ ഒരു സിസ്റ്റമുണ്ട്, സമയം ലാഭിക്കാൻ വേണ്ടി ഇതൊക്കെ അംഗീകരിക്കുന്നു എന്നു പറയാറുണ്ട്. ഓരോ വകുപ്പായിട്ട് എടുക്കുമ്പോൾ കൂടുതൽ സമയമെടുക്കും. ഒരു കാര്യം ആമുഖമായി പറയാനുണ്ട്. കൊള്ളാവുന്ന ഭേദഗതികൾ ഗവൺമെന്റ് ഉൾക്കൊള്ളണം. ഈ ബിൽ മൊത്തം വായിച്ചപ്പോൾ ഉള്ള അപാകതകൾ, അതിനകത്ത് വേഡിംഗിൽ വരേണ്ട മാറ്റങ്ങൾ ഫീസിനകത്തു വരേണ്ട മാറ്റങ്ങൾ കുറേയേറെ കാര്യങ്ങൾ ഇതിനകത്ത് പറയാനുണ്ട്. 1082-ലെ കൊച്ചിൻ ഫെറീസ് ആന്റ് ടോൾസ് ആക്ടിലെ ഭേദഗതി ഇതിന്റെ ഒരു ഭാഗമായിട്ടു വരികയാണ്. ഈ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു. ക്ലാസ് ബൈ ക്ലാസിലേയ്ക്ക് വരുന്നില്ല. ഒരു നല്ല സമീപനം സ്വീകരിച്ചില്ലെങ്കിൽ അടുത്ത തവണ തൊട്ട് എല്ലാം പറയേണ്ടിവരും. അതുകൊണ്ട് ഞാൻ എല്ലാ ഭേദഗതികളും അവതരിപ്പിക്കുന്നു. ഒരു മുന്നറിയിപ്പ് വേണമല്ലോ സാർ. നമുക്ക് നാളെയും നിൽക്കേണ്ടതല്ലേ. സമയവും ലാഭിക്കണം, എല്ലാം നടക്കണം, അതുകൊണ്ട് അതിനകത്ത് 120 മുതൽ 160 വരെയുള്ള എല്ലാ ഭേദഗതികളും ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(122) In the new Section 3 A of Act III of 1082, proposed to be inserted by clause 2 (3) shall be redrafted as follows, namely :-

"3 A. All the ferries of the Government shall by virtue of this Section be transferred to the concerned Municipality or the village panchayat as the case may be, for management".

LIBRARY ARCHIVES Kerala Legislative Assembly

(161) In the new Section 7A (2) of Act III of 1082, proposed to be inserted by clause 2 (8) for the word 'therefore' substitute the words 'there of'

സർ, ഞാൻ എന്റെ ഭേദഗതികളിൽ വേഡിംഗിൽ വന്നിട്ടുള്ള പാകപ്പിഴകൾ ചൂണ്ടിക്കാണിക്കുകയാണ്. അതിൽ "All the ferries of the Government shall by virtue of this Section be transferred to the concerned Municipality or the village panchayat as the case may be, for management" .

അങ്ങനെയല്ല അതിന്റെ വേഡിംഗിൽ ബാക്കിയുള്ളിടത്ത് എല്ലാ സെക്ഷനുകളിലും വച്ചിരിക്കുന്നത് "Municpality or the Village Panchayat as the case may be, for management"- 'Municipality or the village panchayat as the case may be, for management' എന്നാക്കണം. ഈ ഒരു സെക്ഷനിൽ ഒഴിച്ച് ബാക്കിയെല്ലായിടത്തും ഉപയോഗിച്ചിരിക്കുന്നത് ഞാൻ പറഞ്ഞിരിക്കുന്ന രീതിയിൽ ആണ്. അതിന്റെ കറക്ട് യൂസേജും അങ്ങനെയാണ്. അതുകൊണ്ട് ഇത് അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ സെക്ഷനിൽ തന്നെ വേറെയുണ്ട്. അതുപോലെതന്നെ എന്റെ 147-ാം നമ്പർ ഭേദഗതി. അതിലും ഇതുപോലെയാണ്. 'made default' എന്നത് 'defaulted' എന്നാക്കണം എന്നാണ്, 'made default' എന്ന് നമ്മുടെ ആക്ടിൽ ലീഗലായിട്ട് ഉപയോഗിക്കാറുണ്ട്. അത് 'defaulted' എന്നാക്കണം, എന്നാണ് എന്റെ നിർദ്ദേശം. അതുപോലെ തന്നെ 161 അതിൽ proposed to be inserted by clause 2 (8) for the word 'therefore' substitute the word 'thereof'

'therefore'-

ആ ആക്ടിൽ വരേണ്ടത് 'thereof' എന്നാണ് ഇതിൽ പ്രിന്റ് ചെയ്തിരിക്കുന്നതിൽ തെറ്റുണ്ട് സാർ, 'thereof'-ന് ഒരു എഫ് മാത്രമേയുള്ളൂ അതിൽ രണ്ട് എഫ് ഉണ്ട്, 'thereof' എന്ന വേഡിന് സിംഗിൾ എഫ് മതി, അതുപോലെ Section 7A(2) 'any officer or authority to perform the duty or to carry out the functions and may direct that the expenses incurred therefore shall be paid for the fund....'

'expenses incurred therefore'- That is not the correct usage in the legal vocabulary. It should be 'expenses incurred thereof.' 'Therefore' means 'for that reason'. 'thereof' എന്നു പറഞ്ഞാൽ of that എന്നാണ്, അത് അങ്ങനെ അംഗീകരിക്കുന്നതിൽ തെറ്റില്ല, എന്നാണ് എന്റെ വിശ്വാസം അതാണ് കറക്ട് യൂസേജ്.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(123) To Section 3 A proposed to be inserted in Act III of 1082 by clause 2 (3) add the following proviso, namely:-

LIBRARY ARCHIVES Kerala Legislative Assembly

"Provided that where in the case of ferry persons, goods or animals are ferried from the Municipality to a Village Panchayat or from a Village Panchayat to a Municipality the Government shall transfer that ferry to the concerned Village Panchayat and where such ferrying is made from a Municipality to more Panchayats than one or vice versa then such ferry shall be transferred to the Municipality concerned"

കൊച്ചിൻ ഫെറീസ് ആന്റ് ടോൾസ് ആക്ടിൽ പുതിയതായി ചേർക്കുന്ന 3 എ വകുപ്പ് അനുസരിച്ച് എല്ലാ ഫെറികളും ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്കോ അല്ലെങ്കിൽ പഞ്ചായത്തുകൾക്കോ മാനേജുമെന്റിനായി വിട്ടുകൊടുക്കണം. എന്നുള്ളതാണ് ഇവിടുത്തെ നിയമം. ഒരു പഞ്ചായത്തിനകത്തുള്ള ഫെറി ആ പഞ്ചായത്തിനു കൊടുക്കണം, ഒരു മുനിസിപ്പാലിറ്റിക്കകത്തുള്ള ഫെറി ആ മുനിസിപ്പാലിറ്റിക്ക് കൊടുക്കണം. പക്ഷെ ഒരു പ്രശ്നമുണ്ട്. ഒരു പുഴയുടെ ഒരുവശം മുനിസിപ്പാലിറ്റിയും മറുവശം മറ്റൊരു മുനിസിപ്പാലിറ്റിയും ആയാൽ തർക്കമുണ്ടാകും, ആര് ടോൾ കളക്ട് ചെയ്യണമെന്നതിനെ സംബന്ധിച്ച് തർക്കമുണ്ടാകും. ആ തർക്കം ഒഴിവാക്കണമെങ്കിൽ ഞാൻ പറഞ്ഞ എന്റെ ഭേദഗതി അംഗീകരിക്കണം. അപ്രകാരം ഭേദഗതികൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

Shri Dominic Presentation : Sir, I move the following amendments :

(131) In Section 4 of the Act III of 1082, proposed to be subsituted by clause 2 (4) after "such ferry charges and tolls" insert "as are approved by the Panchayat or as the case may be the Municpality".

(150) In the new Section 7A (1) of Act III of 1082, proposed to be inserted by caluse 2 (8) after the word 'period' add, 'not less than 14 days'.

(154) In the new Section 7 A (2) Act III of 1082, proposed to the inserted by clause 2 (8) after the word 'opportunity' add the words "ie-within one month's time".

ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ആയതുകൊണ്ടാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്. ഇന്നലെ ഞാൻ അവതരിപ്പിച്ചില്ല. കാര്യമില്ലാത്തതു കൊണ്ടാണ്, മണിയടിക്കുകയല്ല സർ. കൊണ്ടുവരുന്ന ഭേദഗതി റീസണബിൾ ആണെങ്കിൽ അംഗീകരിക്കുക, അതേ ഞാൻ പറയുന്നുള്ളൂ. 1082-ൽ ജനാധിപത്യ ഭരണം വരുന്നതിനു മുൻപ് തന്നെ കൊച്ചി രാജ്യത്തുള്ള നിയമമാണ് നമ്മൾ ഭേദഗതി ചെയ്യുന്നത്. അതിന്റെ അകത്ത് ഒരു ക്ലാരിഫിക്കേഷനാണ് എന്റെ 131-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ടോൾ കളക്ഷന്റേതാണ് അത്.

LIBRARY ARCHIVES Kerala Legislative Assembly

'....authorised agent shall thereupon be empowered to collect such ferry charges and tolls....'

'....as are approved by the Panchayat or as the case may be the Municipality'.

സർ, അവർക്ക് ഒരു അവകാശം കൊടുക്കണ്ടേ, എല്ലാം ഗവൺമെന്റ് ചെയ്യുന്നത് ശരിയാണോ ? അതുകൊണ്ട് ഈ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും ടോൾ കളക്ട് ചെയ്യാനുള്ള അവകാശം കൊടുക്കണം ; അവരെക്കൂടി അംഗീകരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

'Power to take action for default by a village Panchayat or a Municipality'. അവർ ചെയ്തില്ലായെങ്കിൽ അവരെ ശിക്ഷിക്കാനുള്ള നടപടിയാണ്, അതിൽ 'the Government may, fix a period for the performance of such duty, or the carrying out of such order'. അതാണ് 150-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. 'not less than 14 days'. അതിനകത്ത് അവർ ചെയ്തില്ലായെങ്കിൽ അവർക്ക് നോട്ടീസ് കൊടുക്കാവുന്നതാണ്. പിന്നെയുള്ളത് 'If such duty is not performed or such order is not carried out within the period fixed under sub-section (1) the Government may, after giving a reasonable opportunity...' അതിൽ ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്, അതാണ് after the word 'opportunity' add the words 'ie. within one month's time'. ഇത്രയേയുള്ളൂ. 'റീസണബിൾ ടൈം' എന്നു വരുമ്പോൾ പലപ്പോഴും ഉദ്യോഗസ്ഥന്മാർ മിസ്യൂസ് ചെയ്യും, അതുകൊണ്ട് ആക്ടിൽ ഒരു കൃത്യമായ സമയമില്ലായെങ്കിൽ അത് ബുദ്ധിമുട്ടായിവരും, അങ്ങ് പരിശോധിക്കണം, അതുകൊണ്ട് ഈ മൂന്ന് ഭേദഗതികളും ഞാൻ മൂവ് ചെയ്യുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(148) In the new Section 7A (1) of the Act III of 1082, proposed to be substituted by clause 2 (8) for "or the carrying out of such order" substitute "or for carrying out such order".

(169) In Section 9 of Act III of 1082, proposed to be amended by clause 2 (10) for the words "the Government or a Municipality" substitute the words "a municipality".

സർ, ഞാൻ ഇംഗ്ലീഷിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിയൊന്നും എടുത്ത ആളല്ല, എന്നിരുന്നാലും എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു തെറ്റ് ചൂണ്ടിക്കാണിക്കാനാണ് ഞാൻ 148-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. 'Carrying out of such order' അത് തെറ്റായിട്ടുള്ള പ്രയോഗമാണ്. 'Carrying out such order' എന്നുമതി, ആ ഭേദഗതി അങ്ങ് അംഗീകരിക്കുമെന്ന വിശ്വാസത്തോടെ 169-ാം നമ്പർ മൂവ് ചെയ്ത് സംസാരിക്കാതെ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സാർ ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(149) In the new Section 7A (1) of the Act III of 1082, proposed to be inserted by clause 2 (8) after "the Government may" insert "after giving the Panchayat or the Municipality as the case may be a reasonable opportunity to state what it has to say in the matter".

"the Government may" എന്നതിനുശേഷം "after giving the Panchayat or the Municipality as the case may be a reasonable opportunity to state what it has to say in the matter".

അവസരം കൊടുക്കണം എന്നുള്ള ഭേദഗതിയാണ്. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. കെ. മണി : സാർ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(158) In the new Section 7A (2) of the Act III of 1082, proposed to be inserted by clause 2 (8) after the words "any officer or authority" add the words "for a period of not more than six months" and add the following at the end namely:-

"After the expiry of the period aforesaid the Government shall again entrust the management of the ferry or toll gate to the Panchayat or Municipality as the case may be".

ശ്രീ. പി. രാഘവൻ : സർ, 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വില്ലേജ് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നാണ് പറയുന്നത്. ഈ നിയമത്തിനകത്തും വില്ലേജ് പഞ്ചായത്ത് എന്ന വാക്കാണ് ഉപയോഗിക്കേണ്ടത്. ബില്ലിലെ 2-ാം വകുപ്പിൽ വില്ലേജ് പഞ്ചായത്തിന്റെ നിർവ്വചനമാണ് കൊടുത്തിരിക്കുന്നത്. മാത്രമല്ല മറ്റെല്ലാ ഭേദഗതികളിലും വില്ലേജ് പഞ്ചായത്ത് എന്നു പറയുന്നുണ്ട്. അതുകൊണ്ട് ഇത് കറക്ട് ചെയ്യാൻ വേണ്ടിയാണ് ഞാൻ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ) : ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ.കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ.കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതിയും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സർവശ്രീ പി. കെ. അബ്ദുറബ്, കെ. സി. വേണുഗോപാൽ തമ്പാനൂർ രവി, ഡൊമിനിക് പ്രസന്റേഷൻ, കെ. ബാബു, എ. കെ. മണി, ഡോ. എം. എ. കുട്ടപ്പൻ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്, അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതിയും ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതിയും

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(170) In Section 10 of the Act VI of 1096, proposed to be subsituted by clause 3 (2) the words "with the prior permission of the Government" coming between the words "the Panchayat may" and "establish" shall be deleted.

സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

(178) The new proviso to Sectiion 12 of Act VI of 1096 proposed to be inserted by clause 3 (4) (b) shall be recast as follows namely:-

"Provided that new toll gates shall be established by the Village Panchayat or Municpality wherever found necessary".

എവിടെയൊക്കെയാണോ ടോൾഗേറ്റ്സ് ആവശ്യമുള്ളത് അവിടെയൊക്കെ ഏർപ്പെടുത്താനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(172) Sub Clause (2). of Clause (3) shall be redrafted as follows : -

"(2) In Section 10 and in subsequent Sections for the words "our Government" the words "a Municipality of a Village Panchayat" shall be substituted."

(192) In Clause 3, the word "Panchayat" shall be substituted by "Village Panchayat" wherever it occurred.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(177) In the new proviso to Section 12, of Act VI of 1096 proposed to be inserted by clause 3 (4) (b) after the words "permission of", the word "the" may be inserted.

(184) In the marginal heading of the new section 14A of Act VI of 1096 proposed to be inserted by clause 3 (7) the words "a panchayat or Municipality may" be rearranged as" a municipality or a Panchayat".

(187) In the new section 14A (1) of Act VI of 1096 proposed to be inserted by clause 3 (7), the words "of four weeks" shall be added after the word "period".

(188) In the new section 14A (2) of Act VI of 1096 proposed to be inserted by clause 3 (7) after the word "period", the words "of four weeks" shall be inserted.

പ്രൊവൈസോയിൽ ക്ലാരിറ്റി വരാൻവേണ്ടിയുള്ളതാണ് 177-ാം നമ്പർ ഭേദഗതി. 1096-ലെ ആക്ട് ആണ്. അതിൽ clause 3 (4) (b) after the words "permission of", the word "the" may be inserted ക്ലാരിറ്റിക്കുവേണ്ടി "the" എന്നുകൂടി ചേർക്കണം. നിയമനിർമ്മാണമാകുമ്പോൾ word-നും പ്രാധാന്യം ഉണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

184-ാം നമ്പർ ഭേദഗതിയിൽ, മുനിസിപ്പാലിറ്റി കഴിഞ്ഞാണല്ലോ പഞ്ചായത്ത്. ആ നിലയ്ക്ക് അറേഞ്ചമെന്റ്സ് വേണം എന്നുള്ളതാണ്. നമ്മൾ ഒരു നിയമ നിർമ്മാണം നടത്തുമ്പോൾ word specific ആയിരിക്കണം.

187-ാം നമ്പർ ഭേദഗതിയിൽ period എന്നുകൂടി ചേർക്കണം. എന്നാലേ നിയമം പൂർണ്ണമാകുകയുള്ളൂ.

188-ാം നമ്പർ ഭേദഗതിയിൽ period എന്ന വാക്കിനുശേഷം "of four weeks" എന്നുകൂടി ചേർക്കണം എന്നാണ്. ഇവയാണ് എന്റെ ഭേദഗതികൾ.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതിയിൽ അവതരിപ്പിക്കുന്നു.

(180) In the new Section 12 A of Act VI or 1096 proposed to be inserted by clause 3 (5) for the words "Municipality or as the case may be the Panchayat" substitute the words "Municipality or Panchayat as the case may be".

Transfer of existing ferries to municipalities and panchayats - All the existing ferries of the Government shall by virtue of this Section be transferred to the concerned Municipality or as the case may be, the Panchayat for management.

ഇവിടെ ഒരു മിസ്റ്റേക്ക് ആണ് ചൂണ്ടിക്കാണിക്കുന്നത്. concerned municipality or panchayat as the case may be എന്ന് തിരുത്തണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(181) In the new Section 12 A of Act VI of 1096 proposed to be inserted by clause 3 (5) the word "Village" shall be inserted between the words "the" and "Panchayat".

(191) In the new Section 14 A (2) of Act VI of 1096 proposed tobe inserted by clause 3 (7), the word "therefore" shall be sustiuted by the word "thereof"

പഞ്ചായത്ത് എന്നു പറഞ്ഞാൽ നമുക്ക് മൂന്ന് തരത്തിലുള്ള പഞ്ചായത്തുകളുണ്ട്. ഡിസ്ട്രിക്ട് പഞ്ചായത്ത് ഉണ്ട് ബ്ലോക്ക് പഞ്ചായത്തുണ്ട്. അതുകൊണ്ട് വില്ലേജ് പഞ്ചായത്ത് എന്നുള്ളത് സ്പെസിഫൈ ചെയ്യണം. 'Panchayat' എന്നുള്ളതിനു പകരം 'the village Panchayat' എന്നാക്കണം. അത് സ്പെസിഫൈ ചെയ്യണമെന്നുള്ളതാണ് എന്റെ 181-ാം നമ്പർ ഭേദഗതി. 191-ാം നമ്പർ ഭേഗതി, ഒരു ലീഗൽ ടെർമിനോളജി ഉപയോഗിക്കുമ്പോൾ, ലാ മിനിസ്റ്റർക്ക് കൂടുതൽ അറിയാവുന്നതുകൊണ്ടാണ് സ്പെസിഫിക്കായിട്ട് പറയാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

legal lexicon-ൽ 'thereof' എന്ന word-ന്റെ meaning എന്താണ് ? Oxford Dictionary-യിൽ meaning ഉണ്ട്. 'thereof' means 'for that reason' എന്നാണ്. 'Therefore I request you' എന്നു പറഞ്ഞാൽ എന്താണ്? 'It is one for that reason'..... അതല്ല ഇവിടെ വേണ്ടത്. അത് quantify ചെയ്യുന്ന amount ആണ്. അതിനാണ് 'thereof' എന്നു ചേർക്കണമെന്ന് പറയുന്നത്. നമ്മൾ എപ്പോഴും expense quantify ചെയ്യുമ്പോൾ 'thereof' എന്നാണ് ഉപയോഗിക്കാറ്. അത് ഒന്നുകൂടി പരിശോധിക്കണം.

1 P.M.] ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(182) For the new Section 12 A of Act VI of 1096, proposed to be inserted by clause 3 (5) add the following proviso namely :-

"Provided that where in the case of a ferry person's goods or animals are to be ferried from a Municipality to a village Panchayat or from a Village Panchayat to a Municipality that ferry shall be transferred to the concerned Village Panchayat and where such ferrying is made from a Municipality to more Panchayats than one or vice versa then such ferry shall be trasferred to the Municipality concerned".

ഇത് എക്സിസ്റ്റിംഗ് ഫെറികളുടെ ട്രാൻസ്ഫറിനെ സംബന്ധിച്ചാണ്. എല്ലാ ഫെറികളും പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ട്രാൻസ്ഫർ ചെയ്യണമെന്നുള്ളതാണ് ഇപ്പോൾ വന്നിട്ടുള്ള ഭേദഗതി. ഇത് സ്വാഗതാർഹമാണ്. പക്ഷേ ഒരു കടത്ത് ഒരു മുനിസിപ്പാലിറ്റിയിൽ നിന്ന് ഒരു ഗ്രാമപഞ്ചായത്തിലേയ്ക്കോ അല്ലെങ്കിൽ ഒരു മുനിസിപ്പാലിറ്റിയിൽ നിന്ന് ഒന്നിലധികം പഞ്ചായത്തുകളിലേയ്ക്കോ ട്രാൻസ്ഫർ ചെയ്യുകയാണെങ്കിൽ അത് ആർക്ക് ട്രാൻസ്ഫർ ചെയ്യണം എന്നുള്ളതു സംബന്ധിച്ച് ഒരു വ്യക്തതയില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചേരാനെല്ലൂർ പഞ്ചായത്തിൽനിന്ന് വരാപ്പുഴ പഞ്ചായത്തിലേയ്ക്ക് ഒരു ഫെറിയുണ്ട്. അത് ഏലൂരും ടച്ച് ചെയ്യും. അത് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ്മന്ത്രിക്ക് അറിയാം. അവിടെ ഫെറിയുടെ നടത്തിപ്പ് സംബന്ധിച്ച് ഒരു തർക്കം വന്നു. അവസാനം പഞ്ചായത്തു ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ഒരു അനുരഞ്ജന സമ്മേളനം വിളിച്ചുകൂട്ടിയാണ് ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കിയത്. അതാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കാൻ കാരണം. ഇത് ആർക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത് എന്നതിനെ സംബന്ധിച്ച് ഒരു വ്യക്തത വേണം. അതുകൊണ്ട് ഈ പ്രൊവൈസോ ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(185) In the new Section 14 A (1) of Act VI of 1096, proposed to be inserted by clause 3 (7) after the words "Government may" add the words "after giving the Panchayat or Municipality as the case may be a reasonable opportunity to state what it has to say in the matter".

ഇവിടെ ഈ ആക്ടനുസരിച്ച് നൽകിയിട്ടുള്ള അധികാരങ്ങൾ നിർവ്വഹിക്കുന്നില്ലെങ്കിലോ ഗവൺമെന്റ് നൽകിയ ഉത്തരവുകൾ അനുസരിക്കുന്നില്ലെങ്കിലോ അതിനുവേണ്ടി സമയം തിരുമാനിക്കുമെന്നാണ് സെക്ഷൻ പറയുന്നത്. Fix a period for the performance of such duty. ഇപ്രകാരം സമയം നിശ്ചയിക്കുന്നതിനു മുമ്പായി മുനിസിപ്പാലിറ്റിക്കോ പഞ്ചായത്തിനോ ആക്ടനുസരിച്ചുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കാതിരിക്കുന്നതിനും ഗവൺമെന്റ് ഉത്തരവുകൾ അനുസരിക്കാതിരിക്കുന്നതിനും എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് പറയുന്നതിനായി ഒരു റീസണബിൾ സമയം കൊടുക്കണം. അതിനുവേണ്ടിയുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(186) In the new Section 14 A (1) of Act VI of 1096 proposed to be inserted by clause 3 (7) after the words "fix a period" add the words "of not less than three months".

ഇവിടെ ഡോ. എം. എ കുട്ടപ്പൻ സൂചിപ്പിച്ചതുപോലെ ആക്ടനുസരിച്ചുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് വീഴ്ച വരുത്തിയാൽ, അതുപോലെ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാതിരുന്നാൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ അത് ചെയ്തു തീർക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രൊവൈസോയാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അത് എത്ര സമയം എന്ന് ഇതിൽ സൂചിപ്പിച്ചിട്ടില്ല. അത് ക്ലാരിറ്റിയോടുകൂടി, മൂന്നു മാസത്തിനകം ചെയ്യണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(193) In clause 3, the word "Panchayat" shall be substiuted by Village Panchayat" Wherever it occurred.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, 177, 184, 180, 181 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കാവുന്നവയാണ്. ടൈം ലിമിറ്റിന്റെ കാര്യം പറയുന്നതിൽ ഒരു മിസ്അണ്ടർസ്റ്റാൻഡിംഗ് ഉണ്ടെന്ന് തോന്നുന്നു. ഒരു പ്രത്യേക ടൈം ലിമിറ്റ് വച്ചാൽ, ഇത് പല ആക്ടിവിറ്റിസ് ചെയ്യാൻ വേണ്ടിയാണ്. സ്റ്റാറ്റ്യൂട്ടിൽത്തന്നെ മൂന്നു മാസത്തെ സമയം വച്ചാൽ പിന്നീട് ഗവൺമെന്റിനുപോലും ഡിസ്ക്രിഷൻ ഇല്ലാതെ വരും. ചില ഫംഗ്ഷൻസ് അഞ്ചുമാസം ആറുമാസം കൊണ്ടുപോലും തീർക്കാനൊക്കുകയില്ല. അതുകൊണ്ട് ടൈം കൊടുക്കുന്നതിന് റെസ്ട്രിക്ഷൻ വയ്ക്കാതിരിക്കുകയാണ് നല്ലത്. അതുകൊണ്ട് മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 177, 184 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. ജെ. ഫ്രാൻസിസ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതിയും ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണം എന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 177,184 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. ജെ. ഫ്രാൻസിസ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതിയും ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 187, 188 എന്നീ ഭേദഗതികളേയും ശ്രീ. പി. കെ. അബ്ദുറബ്ബ്, ശ്രീ. കെ. ബാബു, ഡോ. എം. എ. കുട്ടപ്പൻ, ശ്രീ. കെ. സി. വേണുഗോപാൽ എന്നിവർ അവതരിപ്പിച്ച ഭേദഗതികളേയും

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നിവർ അവതരിപ്പിച്ച ഭേദഗതികളും ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരുന്നു.

നാലാം വകുപ്പ്

ശ്രീ. ജോൺ ഫെർണാണ്ടൻസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(196) In clause 4, the word "Panchayat" wherever it occurs shall be substituted by the words "Village Panchayat".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(206) In Section 6 (1) (c) of Act 11 of 1890 Proposed to be substituted by clause 4 (2) add the following at the beginning "with the previous permission of the Government".

(223) In Section 10 A (2) of Act 11 of 1890 proposed to the substituted by clause 4 (4) after the words "may not be pursued" add the words " by written order".

4-ാം വകുപ്പിൽ സെക്ഷൻ 2 പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടെയും ഉടമസ്ഥതയിലുള്ള കടവുകൾ, പാലങ്ങൾ, ജെട്ടികൾ മുതലായവ ഉപയോഗിക്കാനുള്ള ഫീസുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച ക്ലാസാണ്. പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നതിനെയല്ല എതിർക്കുന്നത്. പക്ഷേ ഇതിന് ഐകരൂപ്യം ഉണ്ടാകണം. ഒരു പഞ്ചായത്തിൽ ഒരു മോട്ടോർ ബൈക്ക് പോകുന്നതിന് 5 രൂപ നിശ്ചയിച്ച് വേറൊരു പഞ്ചായത്ത് 10 രൂപ നിശ്ചയിച്ചു. അങ്ങനെ വ്യത്യസ്തമായ ഫീസ് ഓരോ പഞ്ചായത്തും നിശ്ചയിക്കുന്നത് ഒഴിവാക്കാൻ വേണ്ടി ഇതിന് ഒരു ഐകരൂപ്യം ഉണ്ടാകണം. അതിന് ഗവൺമെന്റിന്റെ ഗൈഡൻസ് ഉണ്ടാകുന്നത് നല്ലതാണ്. അതിനുവേണ്ടിയാണ് ഞാൻ 206-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. സെക്ഷൻ 4, ആക്ടനുസരിച്ചുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കാതിരിക്കുമ്പോഴോ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ വരുമ്പോഴോ ഒരു ഉദ്യോഗസ്ഥനെ അന്വേഷണത്തിന് നിയമിക്കാവുന്നതാണ്. അങ്ങനെ നിയമിക്കുമ്പോൾ ആരെയെങ്കിലും നിയമിച്ചാൽ പോര. അതിന്റെ നിയമനരീതി എപ്രകാരമാണ് എന്നുള്ളതിന് ഒരു വ്യക്തതയുണ്ടാകണം; അതിന് റിട്ടണായിട്ടുള്ള ഓർഡറുണ്ടാകണം. അല്ലെങ്കിൽ ആരെ വേണമെങ്കിലും നിയമിക്കാം, എങ്ങനെ വേണമെങ്കിലും നിയമിക്കാം എന്ന സ്ഥിതി വരും. അതുകൊണ്ട് ആരെ എങ്ങനെ നിയമിക്കാം എന്നുള്ളതിന് ഒരു റിട്ടൺ ഓർഡർ വേണം. അതിനുവേണ്ടിയുള്ളതാണ് 223-ാം നമ്പർ ഭേദഗതി.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(207) In Section 6 (1) (c) of Act II of 1890 proposed to be substituted by clause 4 (2) for the words "ware houses" the word "ware houses" shall be substituted.

(208) In Section 6 (2) of Act II of 1890 proposed to be substiuted by clause 4 (2) for the words "An order of such tolls", the words "A notice showing the rate of such tolls" shall be substituted.

(209) In Section 6 (2) of Act II of 1890 proposed to be substiuted by clause 4 (2) for the words "English and in the vernacular language", the following words shall be substiutued, namely :-

"English and Malayalam Lanugages".

LIBRARY ARCHIVES Kerala Legislative Assembly

(216) In Section 10(4) of Act II of 1890 proposed to be substituted by clause 4 (3) after the word "malayalam" and before the word "specifying", the following words shall be inserted, namely:-

"and in the vernacular language of the district"

(217) In the Marginal Heading of section 10 A of Act II of 1890 proposed to be substituted by clause 4 (4) the words "a Panchayat or a Municipality" shall be substiuted by the words "a Municipality or a Panchayat"

(218) In Section 10A (1) of Act II of 1890 proposed to be inserted by clause 4 (4) for the words "made default", the word "defaulted" shall be substituted.

(219) In Section 10A (1) of Act II of 1890 proposed to be substituted by clause 4 (4) after the word "period", the words "of four weeks" shall be substituted.

(221) In Section 10A (2) of Act II of 1890 proposed to be substituted by clause 4 (4) after the word "period", the words "of four weeks" shall be substituted.

(224) In Section 10A (2) of Act II of 1890 proposed to be substituted by clause 4 (4) for the words "the duty or to carry out the functions", the words "such duty or to carry out such orders" shall be substituted.

ബഹുമാനപ്പെട്ട മന്ത്രി ഒരു നല്ല സമീപനമാണ് എടുത്തിരിക്കുന്നത്. Lenien view, നല്ല അപ്രോച്ച് ആണ്. സാധാരണ നിയമനിർമ്മാണത്തിനൊക്കെ ഒരു false prestige കാണിക്കും. അതൊന്നുമില്ലാതെ നല്ലൊരു സമീപനം ഞങ്ങളൊക്കെ സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാണല്ലോ. വളരെ വേഗം കാര്യങ്ങൾ മാത്രം പറയാം. നല്ല സമീപനമാണ്. പ്രത്യേകം നന്ദി പറയുന്നു. ഇവിടെ എന്റെ 207-ാം നമ്പർ ഭേദഗതിയിൽ, അവിടെ ഒരു word substitute ചെയ്യാനായിട്ട് അതിൽ ഒരു spelling mistake ware-house ആണ് whare house എന്നാണ് ഇവിടെ അടിച്ച് വന്നത്. Correction ആണ് അത് അംഗീകരിക്കാൻ ബുദ്ധിമുട്ടില്ലായെന്ന് എനിക്ക് തോന്നുന്നു. അങ്ങ് തന്നെ പറഞ്ഞിട്ടുണ്ടല്ലോ പണ്ട്, എല്ലാം പെർഫക്റ്റ് ആയിരിക്കണമെന്ന്, അതാണ് 207-ാം നമ്പർ ഭേദഗതി.

208-ാം നമ്പർ ഭേദഗതി, അവിടെ ഇതാണ് 4 (2)-ൽ for the words "An order of such tolls". അതിന് ശേഷം the words "A notice showing the rate of such tolls" shall be substituted.

അതുകൂടി വേണം എന്നതാണ്. ഇതാണ് 208-ാം നമ്പർ ഭേദഗതി 209-ാം നമ്പർ ഭേദഗതി.... substituted by clause 4 (2) for the words "English and in the vernacular language", the following words shall be substituted, " English and Malayalam Language". എന്ന് ആക്കണമെന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

216-ാം നമ്പർ ഭേദഗതി, അവിടെയും ഇതു തന്നെയാണ്.

....to be substituted by clause 4 (3) after the word "malayalam" and before the word "specifying", the following words shall be inserted, namely:- "and in the vernacular language of the district".

ഉദാഹരണത്തിന് ഇടുക്കി. അവിടെ തമിഴ് ഉണ്ട്. കാസർകോട്, ഇപ്പോൾ അവിടെ കർണാടക language ഉണ്ട്, അതാണ് "and in the vernacular language of the district എന്ന് ഞാൻ പറഞ്ഞത്. 217-ാം നമ്പർ ഭേദഗതി, ...the words "a Panchayat or a Municipality" shall be substituted by the words "a Municipality or a Panchayat" ഞാൻ കഴിഞ്ഞ തവണ പറഞ്ഞതാണല്ലോ. ആ ഓർഡർ ഞാൻ പറയുന്നു എന്നേയുള്ളൂ. അങ്ങ് അംഗീകരിക്കാൻ നോക്കുക.

218-ാം നമ്പർ ഭേദഗതി,..... to be inserted by clause 4(4) for the words "made default", the word "defaulted" shall be substituted.

"defaulted" എന്നൊറ്റവാക്കാണ് നല്ലത്. അതാണ് കുറച്ചുകൂടി ശരിയെന്ന് എനിക്ക് തോന്നുന്നു. പ്രൊഫസറൊന്നുമല്ല ഞാൻ. ഇംഗ്ലീഷിന്റെ വലിയ പരിജ്ഞാനമുള്ള ലിറ്ററേച്ചർ എം. എ. ഒന്നുമല്ല. എങ്കിലും ഈ "made default"-നേക്കാൾ "defaulted" ആണ് നല്ലത്.

മി. സ്പീക്കർ : ഇതിൽ ലിറ്ററേച്ചർ എം. എ. ഉണ്ടായിട്ടൊന്നും കാര്യമില്ല. ലെജിസ്ലേഷൻ വേറെയാണ്.

ശ്രീ. തമ്പാനൂർ രവി : സർ, 219-ാം നമ്പർ ഭേദഗതി, ...after the word "period", the words "of four weeks" shall be inserted. സ്പെസിഫൈ ചെയ്ത് പിരീഡ് പറയണം. നാല് വീക്ക്, നാല് ആഴ്ചകൾ എന്ന് പറയണം.

221-ാം നമ്പർ ഭേദഗതി, അതിനകത്ത്.... to be substiuted by clause 4 (4) after the word "period", the words "of four weeks" shall be inserted. അവിടെയും four weeks specify ചെയ്ത് സമയം പറയണം.

224-ാം നമ്പർ ഭേദഗതി, അവിടെ.... "the duty or to carry out the functions", the word "such duty or to carry out such orders" shall be substituted. അതിന്റെ കൂടെ "the words such duty or to carryout such orders" shall be substituted.

ഈ എല്ലാ ഭേദഗതിയും ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(201) In Section 6 (1) (b) of Act II of 1890 proposed to be substituted by clause 4 (2) the words "with the prior permission of the Government" shall be deleted.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(201) In Section 6 (A) of Act II of 1890 proposed to be substituted by clause 4 (2) for the words beginning from "transferred" the following words shall be substituted, "transferred to the Municipality or the Village Panchayat as the case may be, for management".

കഴിഞ്ഞ രണ്ടു സെക്ഷനുകളിലും അംഗീകരിച്ച അതേ ഭേദഗതി തന്നെയാണ്. 'wording'-ൽ വന്നിട്ടുള്ള മാറ്റമാണ്. ഞാൻ വായിക്കാം അതിനകത്ത് അച്ചടിച്ചിരിക്കുന്നത്. "the Government shall by virtue of this section be transferred to the concerned Municpality or as the case may be, the Panchayat for management" എന്നാണ്. അതുമാറ്റി "Municipality or the Panchayat as the case may be" എന്നാക്കണം. കഴിഞ്ഞ രണ്ട് സെക്ഷനിലും നമ്മൾ അംഗീകരിച്ചതാണ്. ഇത് ഇതിലും അങ്ങനെ വന്നിട്ടുണ്ട്. അത് മാറ്റണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(213) In Section 6 (A) of Act II of 1890 proposed to be inserted by clause 4 (2) the following proviso shall be added, namely:-

"Provided that where in the case of a ferry person's goods or animals are ferried from one Village Panchayat to another Village Panchayat or to more Village Panchayats than one and vice versa that ferry shall be transferred to one of the Village Panchayats on the terms and conditions mutually agreed to by all the Village Panchayats concerned".

ശ്രീ. ബാബു ദിവാകരൻ നേരത്തെ കൊച്ചി ടോൾ ആക്റ്റിൽ പറഞ്ഞ അതേകാര്യം തന്നെയാണ് ഞാനും ഉദ്ദേശിച്ചിട്ടുള്ളത്. 110 കൊല്ലം മുൻപുള്ള നിയമമാകുമ്പോൾ ഇതൊന്നും ആലോചിച്ച് കാണില്ല. ഇപ്പോൾ രണ്ടും മൂന്നും പഞ്ചായത്ത് അവർ ചെയ്യുന്ന പല ferry service-കളുമുണ്ട്. അതുകൊണ്ട് ഒരു വ്യക്തതയ്ക്ക് വേണ്ടി ഞാൻ ഒരു proviso വെയ്ക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് വേണമെങ്കിൽ വേറെ കൊണ്ടുവരാം. ഒരു proviso ഉണ്ടായില്ലെങ്കിൽ ഈ തർക്കങ്ങൾ പലയിടത്തും ഉണ്ടാകും. പുതിയ ferries ഉണ്ടാകുന്നു. രണ്ട് പഞ്ചായത്തിലേയ്ക്ക് പോകുന്നു. എന്റെ ഒരു constituency-യിൽ രണ്ടു പഞ്ചായത്തുകൾ തമ്മിൽ ആൾട്ടർനേറ്റ് ആറേൻജ്മെന്റാണ്. ഒരു വർഷം ഒരു പഞ്ചായത്താണെങ്കിൽ അടുത്ത വർഷം മറ്റേ പഞ്ചായത്ത് അങ്ങനെയുണ്ട്. അതുകൊണ്ട് proviso ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(215) In Section 10 (3) of Act II of 1890 proposed to be inserted by clause 4 (3) after the words "Panchayat may" add the words "with the prior permission of the Government" shall be substituted.

ഞാൻ ഒരു കാര്യം മാത്രം പറയാം. ശ്രീ. ബാബു പറഞ്ഞ സെയിംതിംഗ്. എന്റെ മണ്ഡലം ശ്രീ. ഡോമിനിക് പ്രസന്റേഷൻ പറഞ്ഞതുപോലെ കുട്ടംപുഴ പഞ്ചായത്ത്, പുന്നക്കാട് പഞ്ചായത്ത് രണ്ട് പഞ്ചായത്താണ്. ഇവിടെ കടത്ത് ഉപയോഗിക്കുമ്പോൾ രണ്ട് പഞ്ചായത്തിന്റെയും ആൾക്കാർ തമ്മിൽ അടിയാണ്. ആരാണ് ഇത് കളക്റ്റ് ചെയ്യുന്നത്. അതുകൊണ്ട് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ട്. ഫീസിന്റെ കാര്യത്തിൽ എല്ലാം ഒരു ഈക്വൽ ആയിട്ട് വേണം. മറ്റേ പഞ്ചായത്ത് ഈ പഞ്ചായത്ത് എന്ന വ്യത്യാസം ഉണ്ടാകരുത്. ഏകീകരണം വേണമെന്നുള്ളതാണ്. ശ്രീ. ബാബു നേരത്തെ ഉന്നയിച്ചത് തന്നെ ഞാനും ഉന്നയിക്കുകയാണ്. ഒരു പഞ്ചായത്തിന് കൊടുക്കണം. ഏത് പഞ്ചായത്താണ് ഈ ടോൾ പിരിയ്ക്കേണ്ടത് എന്നുള്ളതിന് ഒരു വ്യവസ്ഥ തന്നെ ഉണ്ടാകേണ്ടതാണ്.

ശ്രീ. ബാബു ദിവാകരൻ : സർ, ഞങ്ങളെല്ലാം ഭേദഗതി അവതരിപ്പിക്കുമ്പോൾ എക്സ്ട്രാക്റ്റ് ഒക്കെ വെച്ച് നോക്കിയാണ് ചെയ്യുക. എല്ലാം പേരന്റ് ആക്റ്റിൽ വരണമെന്നില്ല.

മി. സ്പീക്കർ : അതിന്റെ എക്സ്ട്രാക്റ്റ് ഒക്കെ വെച്ച് നോക്കി ചെയ്യാം. എല്ലാത്തിനും പേരന്റ് ആക്റ്റ് വേണമെന്നില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(220) In Section 10A (1) of Act II of 1890 proposed to be inserted by clause 4 (4) after the words "fix a period" the words "of not less than six months" shall be substituted.

ആക്റ്റ് അനുസരിച്ചുള്ള കാർത്തവ്യം നിർവ്വഹിക്കാതെ വന്നാലോ ഗവൺമെന്റ് നിർദ്ദേശം നടപ്പാക്കാതെ വന്നാലോ ഒരു ഭരണ സമിതിയേയോ ഒരു ഓഫീസറേയോ ഒരു അതോറിറ്റിയേയോ ഒക്കെ നിയമിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. അത് ആരെ വേണമെന്ന് പറയാത്തതുകൊണ്ട് ശ്രീ. ബാബു അദ്ദേഹത്തിന്റെ 223-ാം നമ്പർ ഭേദഗതിയിൽ റിട്ടൺ ഓർഡർ വേണമെന്നൊക്കെ പറഞ്ഞത്. ആരെ വേണമെന്ന് മാത്രമല്ല പറയാതിരിക്കുന്നത് എത്ര കാലത്തേയ്ക്ക് വേണം എന്നു പറഞ്ഞിട്ടില്ല. ഈ നിയമനം ഒരു ഫിക്സ്ഡ് പിരീഡിലേയ്ക്ക് വേണമല്ലോ. അതുകൊണ്ട് ആ നിയമനം എത്ര കാലത്തേക്ക് എന്ന് വ്യക്തമാക്കാനാണ് ഞാൻ ഈ "of not less than six months" എന്ന് പറഞ്ഞത്. സ്പെസിഫിക് ആയിട്ട് പിരീഡ് നിർണ്ണയിച്ചുകൊണ്ട് ഭേദഗതി മൂവ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഒന്നും ഓർഡറില്ല.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ശ്രീ. സി. ടി. അഹമ്മദ് അലി മൂവ് ചെയ്ത അമന്റുമെന്റ് 201-ാം നമ്പർ ഭേദഗതി തന്നെയാണ് 204-ഉം. 204 ഞാൻ പറയാൻ കാരണം. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തത് അനുസരിച്ചാണ് വ്യത്യാസം വന്നിരിക്കുന്നത്.

മി. സ്പീക്കർ : അത് 201-ാം നമ്പർ ഭേദഗതിയാണ്. 204-ാം നമ്പർ ഭേദഗതി സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 201-ന് സമാനമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, 201-ാം നമ്പർ ഭേദഗതി അവതരിപ്പിച്ച തിന് ഞാൻ സപ്പോർട്ട് ചെയ്തു. കാരണം "Power of a Muncipality or Panchayat to fix fees and rates of toll and to establish toll station - (1) The panchayat or Municipality may from time to time -

(a) fix rates of fees payable for the licensing or registration of vessels;

(b) with the prior permission of the Government establish stations at which tolls shall be levied on vessels along a canal or on passengers, vehicles, animals or goods landed therefrom, and fix the rates of such tolls; അപ്പോൾ എ-യിൽ without any condition Municipality-യ്ക്ക് അധികാരം കൊടുത്തു. ബി-യിൽ വന്നപ്പോൾ with the prior permission of the Government establish stations at which tolls shall be levied on vessels passing along a canal or on passengers, vehicles, animals or goods landed therefrom, and fix the rates of such tolls ; That is contradictory. ഒരു സെൽഫ് ഗവൺമെന്റാണിത്. ആ മുനിസിപ്പാലിറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കണം. റേറ്റ് ഫിക്സ് ചെയ്യുന്നതിൽ without any condition ഗവൺമെന്റിന്റെ സാങ്ഷൻ വേണ്ട. പക്ഷേ ടോൾ പിരിക്കുന്നതിന് ഗവൺമെന്റിന്റെ സാങ്ഷൻ വേണമെന്ന് പറയുന്നത് പരസ്പരവിരുദ്ധമാണ്. അതുകൊണ്ട് with the prior permission of the government എന്നുള്ളത് എടുത്തുകളയണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതിയും ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതിയും അക്സപ്റ്റ് ചെയ്യാവുന്ന വയാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതിയും ശ്രീ ബാബു ദിവാകരൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണം എന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതിയും ശ്രീ. ബാബു ദിവാകരൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതിയും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സർവ്വശ്രീ കെ. ബാബു. സി. ടി. അഹമ്മദ് അലി, ഡൊമിനിക് പ്രസന്റേഷൻ, എ. കെ. മണി, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നിവർ അവതരിപ്പിച്ച ഭേദഗതികളെയും ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 207 ഒഴികെയുള്ള ഭേദഗതികളെയും.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5 -ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(226) A new sub clause may be inserted in clause 5 as sub clause (2) and the remaining shall be renumbered.

"(2) in Section 3,- the following shall be inserted

(a) in sub section (1) for the word "Government" the words "Municipality or Village Panchayat, as the case may be", shall be substituted.

(b) to sub section (1) the following proviso shall be inserted, namely "provided that where the benefit extends to the area of more than one village Panchayat, the power shall be vested in the Block Panchayat".

LIBRARY ARCHIVES Kerala Legislative Assembly

(248) In Section 9 (2) of the Act III of 1939 proposed to the substituted by clause 5 (5), for the word "surving", the word "serving" shall be substituted.

(254) In sub Section (2) of Section 16 A of Act III of 1939 to be inserted by clause 5 sub clause (6) the word "to" shall be inserted in between the words "tranferred" and "a local" in the second line.

ക്ലാസ്സ് 5-ൽ സബ്സെക്ഷൻ (2)-ൽ രണ്ട് പുതിയ ക്ലാസ്സ്കൂടി ഇൻസെർട്ട് ചെയ്യണമെന്നുള്ളതാണ് എന്റെ 226-ാം നമ്പർ ഭേദഗതി. അത് "(2) in Section 3, - the following shall be inserted (a) in sub section (1) for the word "Government" the words "Municipality or Village Panchayat, as the case may be", shall be substituted സ്പെസിഫൈ ചെയ്ത് പറയണമെന്നുള്ളതാണ്. (ബി) ആയിട്ട് സബ് സെക്ഷൻ (1)-ൽ The following proviso shall be inserted. ഒരു പുതിയ പ്രൊവിഷൻ ചേർക്കണമെന്നുള്ളതാണ്. "provided that where the benefit extends to the area of more than one village Panchayat, the power shall be vested in the Block Panchayat". ഇവിടെ നേരത്തേ പല മെമ്പർമാരും പറഞ്ഞതുപോലെ രണ്ട് പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നതായി തർക്കം വന്നാൽ നമുക്ക് ഇപ്പോൾ എന്ത് സംവിധാനമാണുള്ളത് ? ഇപ്പോൾ എല്ലാം ബ്ലോക്കിന്റെ കീഴിലാണല്ലോ. അങ്ങനെയുള്ള കാര്യത്തിൽ area of more than one village panchayat, the power shall be vested in the Block Panchayat". അപ്പോൾ ഒരു തർക്കവും ഉണ്ടാകുകയില്ല. രണ്ട് പഞ്ചായത്തുകൾ തമ്മിലുള്ള തർക്കം ആണ്, രണ്ടിടത്ത് വ്യാപിച്ച് കിടക്കുന്നതെങ്കിൽ ആ അധികാരം ബ്ലോക്ക് പഞ്ചായത്തിന് കൊടുക്കണമെന്നുള്ളതാണ് (2) (ബി) ആയി ചേർക്കണമെന്ന ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. 248-ാം നമ്പർ ഭേദഗതി, അത് ഒരു വേഡിലെ ചെയ്ഞ്ച് ആണ്. for the word "surving" the word "serving" shall be substituted.

ഭേദഗതി നമ്പർ 254-നകത്ത് shall be inserted in between the words "tranferred" "and" a local in the second line. അതൊന്ന് ക്ലിയറാക്കാൻ വേണ്ടിയാണ്. ഇവയാണ് എന്റെ മൂന്ന് ഭേദഗതികൾ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(241) In Section 9 (2) of the Act III of 1939 proposed to be amended by clause 5 (5), after "health officer posted" and "where that Village Panchayat or Municipality by resolution request that Government to appoint a Health Officer". മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും ഹെൽത്ത് ഇൻസ്പെക്ടറെ പോസ്റ്റ് ചെയ്യുന്നതിനെക്കുറിച്ചുള്ള അമന്റുമെന്റാണ്. ഇന്ന് പല പഞ്ചായത്തുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ഹെൽത്ത് ഇൻസ്പെക്ടർ ഇല്ല. അതുകൊണ്ട് പഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റി ഒരു റസലൂഷൻ വഴി, ഇപ്പോൾ മുനിസിപ്പാലിറ്റിയിൽ വേണമെങ്കിൽ നമുക്ക് മാൻഡേറ്ററിയാക്കാം, പക്ഷേ ചില പഞ്ചായത്തുകൾക്ക് സാമ്പത്തിക സൗകര്യം ഉണ്ടാകാൻ വഴിയില്ല. അതുകൊണ്ട് അവർ ബൈറസലൂഷൻ ഗവൺമെന്റിൽ റിക്വസ്റ്റ് ചെയ്യുമ്പോൾ ഗവൺമെന്റ് അവരുടെ സാമ്പത്തിക നിലയൊക്കെ നോക്കിയിട്ട് ഇത് ഫിക്സ് ചെയ്യണം. അതുകൊണ്ട് അതിനുള്ള ഒരു അമന്റുമെന്റാണ് ഞാൻ മൂവ് ചെയ്യുന്നത്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, എന്റെ 247-ാം നമ്പർ ഭേദഗതി.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ചു കഴിഞ്ഞു. ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 248-ാം നമ്പർ ദേദഗതിക്ക് തുല്യമാണിത്. ആദ്യം അവസരം കിട്ടുന്ന ആളിനാണ് തുടർന്നുള്ളതിനെല്ലാം ആദ്യം അവസരം ലഭിക്കുക. അങ്ങയുടേത് അതിന് മുമ്പ് വന്നാൽ തന്നെയും മറ്റൊരംഗം ആദ്യം അവതരിപ്പിച്ചു കഴിഞ്ഞാൽ..... അതാണ് അതിലെ സിസ്റ്റം ; മനസ്സിലായോ ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : മനസ്സിലായി.

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(249) Sub clause (5) of clause 5 shall be recast as follows :

"(5) for Section 9, the following Section shall be substituted, namely:-

"9, Appointment or nomination of Health Officer:- Every Village Panchayat and Municpality shall appoint or nominate a medical officer to be the Health Officer of that Panchayat or Municipality, as the case may be provided that if no such Medical Officer as aforesaid is available under the control of the village panchayat, or the Municipality, the Government may nominate a Medical Officer to function as Health Officer.

(256) In Section 16 (A) (2) of the Act III of 1939 proposed to the inserted by clause 5 (6), add the words "without the prior permission of the Government" after the words "to a local authority".

ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചൂണ്ടിക്കാണിച്ചതുപോലെ, ഇപ്പോഴത്തെ പ്രൊപ്പോസ്ഡ് ആക്ട് അനുസരിച്ചാണെങ്കിൽ അതിൽ വളരെ സ്പെസിഫിക്ക് ആണ് Every Village Panchayat and Municipality shall have a Health Officer അതാണ് ഇന്റൻഷൻ. shall appoint or..... അതിന്റെ ഹെഡ്ഡിംഗ് തന്നെ Appointment or Nomination of Health officer എന്നാണ്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചാൽ, Every Village Panchayat and Municipality shall have a Health Officer എന്നു പറഞ്ഞാൽ appointment is compulsory അതാണ് അതിലെ വ്യത്യാസം appointment of a Health Officer കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും, കേരളത്തിലെ 999 പഞ്ചായത്തുകൾക്കും ഒരു ഹെൽത്ത് ആഫീസർ ഉണ്ടായിരിക്കണമെന്നുള്ളത് കമ്പൽസറി ആക്കിയാൽ അത് പ്രാവർത്തികമാക്കാൻ പറ്റുമോ ? ഞാൻ ഇത് റിവേഡ് ചെയ്തിരിക്കുന്നത് intention is clear, intention എന്നു പറഞ്ഞാൽ, എല്ലാ പഞ്ചായത്തുകൾക്കും ഒരു ഹെൽത്ത് ആഫീസർ it should be there എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ it can be either by an appointment or by a nomination ഒന്നിൽ കൂടുതൽ പഞ്ചായത്തിന് ഒരു മെഡിക്കൽ ആഫീസർ ആകാം. അടുത്ത് കിടക്കുന്ന രണ്ട് പഞ്ചായത്തുകൾക്കായി ഒരു മെഡിക്കൽ ആഫീസർ മതിയാകും. മന്ത്രിയുടെ ഇന്റൻഷൻതന്നെ ഇതിൽ നിന്ന് ക്ലിയർ ആണ്. Every Village Panchayat and Municipality shall appoint or nominate എന്നാക്കി ഞാൻ.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഇത് വളരെ consequence ഉള്ളതാണ്. അത്, ഗവൺമെന്റാണ് അപ്പോയിന്റിംഗ് അതോറിറ്റി.

ശ്രീ. ബാബു ദിവാകരൻ : അല്ല, ഞാൻ ബാക്കിയുള്ളതുകൂടി വായിക്കുമ്പോൾ ക്ലിയറാകും. അതിനു മുകളിലുള്ളതാണെങ്കിൽ അതിനേക്കാൾ കമ്പൽസറിയാകും. Every Village Panchayat and Municipality shall have a Health Officer അതിന് ഞാൻ പറയുന്നത് Every Village Panchayat and Municipality shall appoint or nominate a Medical Officer to be the Health Officer of that panchayat or municipality, as the case may be provided that if no such Medical Officer as aforesaid. അപ്പോൾ മുനിസിപ്പാലിറ്റിയുടെ കേസ്സ് എടുത്താൽ there will be more than one Medical Officer within the Municipality, one of them will be appointed as a Medical Officer. അതാണ് ഞാൻ മീൻ ചെയ്തത്. അതുകൊണ്ട് ഒരു മുനിസിപ്പാലിറ്റിയുടേയോ ഒരു കോർപ്പറേഷന്റേയോ കീഴിൽ മൂന്നോ നാലോ മെഡിക്കൽ ആഫീസർമാർ ഉണ്ടാകും. only one can be appointed as the Health Officer അതാണ് ഞാൻ മീൻ ചെയ്തത് as the case may be provided.... may nominate Government shall എന്നുപറയുമ്പോൾ Government should appoint one Medical Officer for that particular Municipality

ഞാൻ പറയുന്നതനുസരിച്ചാണെങ്കിൽ അടുത്ത് അവയ്ലബിളായിട്ടുള്ള ഏതെങ്കിലുമൊരു മെഡിക്കൽ ആഫീസറെ ഗവൺമെന്റിന് നോമിനേറ്റ് ചെയ്യാം. Government may nominate a Medical Officer to function as Health officer. To function as Health Officer Ex-officio.....

എന്നു പറഞ്ഞാൽ അത് മനസ്സിലാകുന്നില്ല. Health Officer cannot work as Ex-officio, Health Officer can work only as Health officer not as a Ex-officio Health Officer.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : അത് ക്ലിയർ ആയി.

ശ്രീ. ബാബു ദിവാകരൻ : അല്ല ; അത് ക്ലിയറായില്ല. ഹെൽത്ത് ആഫീസർ എക്സ്-ഓഫിഷ്യാ ആയി വർക്ക് ചെയ്യുന്നത് എന്ത് സിസ്റ്റമാണ് സർ ? Health Officer can be only as an official. റെസ്പോൺസിബിലിറ്റി ഉള്ള താണ്. അതുകൊണ്ട് എക്സ്-ഒഫിഷ്യോ എന്നുള്ളതെങ്കിലും മാറ്റണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(257) In Section 16 (a) (3) of the Act III of 1939 proposed to be inserted by clause 5 (6), after "mode of administration and add "subject to the resources available at the command of the local authority".

വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണിത്. ഗവൺമെന്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ചില നിർദ്ദേശങ്ങളൊക്കെ കൊടുക്കുമ്പോൾ അത് നടപ്പിലാക്കാൻ ചുമതലപ്പെട്ട സ്ഥാപനങ്ങൾക്ക് ഉള്ള കഴിവ്- അത് വെറുതേയുള്ള നിർദ്ദേശങ്ങളൊന്നുമല്ല ആരോഗ്യ നയം, ആരോഗ്യ സൗകര്യങ്ങളിൽ ഉള്ള പ്ലാനിംഗ്, നിലനിർത്തേണ്ട നിലവാരം, ഭരണരീതി മുതലായ കാര്യങ്ങൾക്കാണ് ഗവൺമെന്റ് നിർദ്ദേശം കൊടുക്കുന്നത്. അത് നടപ്പാക്കാൻ ലോക്കൽ ബോഡീസ് ബാദ്ധ്യസ്ഥരാണ് ; പക്ഷേ ഈ ലോക്കൽ ബോഡീസിന് സാമ്പത്തികശേഷി ഉണ്ടോ ഇല്ലയോ എന്ന് നോക്കാതെയാണ് ഈ നിർദ്ദേശ ങ്ങൾ പോകുക. ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലെങ്കിൽ ഗവൺമെന്റ് ടെക്നിക്കൽ സാങ്ഷൻ കൊടുക്കാറില്ല. ഇതൊക്കെ നോക്കിയാണ് ചെയ്യാറ്. ആ സ്ഥിതിക്ക് ലോക്കൽ ബോഡിസിന് സാമ്പത്തികശേഷി ഉണ്ടോ ഇല്ലയോ എന്നുകൂടി നോക്കിവേണം എന്നു പറയാൻ വേണ്ടിയാണ്. "subject to the resources available at the command of the lcoal authority"

എന്നുള്ള ഭേദഗതി കൊണ്ടുവന്നത്.

ശ്രീ. പി. രാഘവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(251) In sub Section (2) of Section 16A of Act III of 1939 to be inserted by clause 5 sub clause (6) the word "to" shall be inserted in between the words "transferred" and "a local" in the second line.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(240) Clause 5 sub clause 4 shall be recast as follows ; "Section 4 may be omitted"

(242) In sub Section 9 (2) of Act III of 1939 proposed to be amended by clause 5 (5) the word "Government" shall be substituted by the words "Village Panchayat or Municipality concerned"

LIBRARY ARCHIVES Kerala Legislative Assembly

സർ, മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിലെ സെക്ഷൻ 4-ന്റെ ഒരു ഭേദഗതിയായിട്ടാണ് ഞാൻ 240-ാം നമ്പർ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതിൽ 'ഡയറക്ടർ ഓഫ് പബ്ലിക് ഹെൽത്ത്' എന്നതിനു പകരം Health services എന്ന് ചേർക്കുന്നതിനുവേണ്ടിയും Madras എന്നുള്ള വാക്ക് നീക്കം ചെയ്യുന്നതിനു വേണ്ടിയുമാണ്. സെക്ഷൻ 4 തന്നെ അവിടെ വയ്ക്കാമോയെന്നുള്ള കാര്യമാണ് ഇപ്പോൾ ആലോചിക്കേണ്ടത്. നമുക്ക് ഈ അധികാരവികേന്ദ്രീകരണം ബലപ്പെടുത്തുന്നതിന് ഇടയ്ക്കിടയ്ക്ക് ഈ നിയമങ്ങളിലെല്ലാം തന്നെ ഭേദഗതി വേണ്ടിവരും. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഇത് അവിയൽ രൂപത്തിലുള്ള ഒരു ബില്ലാണ്. ഗുണമില്ലാത്ത രീതിയിലുള്ള ഒരു ബില്ലാണ് എന്നുള്ള രീതിയിലല്ല നമ്മൾ കാണേണ്ടത്. അധികാരവികേന്ദ്രീകരണം ഏറ്റവും നല്ല, ആരോഗ്യകരമായിട്ട് നടപ്പിലാക്കാനാണ് ഇത്. ഞാൻ പറയുന്നത് പൊതുവായിട്ട് കേരള ആക്ട് വരികയാണെങ്കിൽ ഭാവിയിൽ ഇനി ഓരോ ഘട്ടത്തിലും നമ്മൾ ഭേദഗതി ചെയ്യുമ്പോൾ നമുക്ക് വല്ലാത്ത ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ഇതിപ്പോൾ മദ്രാസ് ആക്ടിൽ ഭേദഗതി ചെയ്തതുപോലെ തന്നെ ഈ കാര്യങ്ങളെല്ലാം ഇപ്പോൾ നിലനില്ക്കുന്ന മറ്റ് നിയമങ്ങളിലും ഭേദഗതി ചെയ്യേണ്ടതായിട്ട് വരും. അതുകൊണ്ട് ഈ സെക്ഷൻ 4 നിലനിറുത്തേണ്ടതിന് അങ്ങനെയൊരു ബോർഡ് രൂപീകരിക്കാൻ ഈ നിയമം ഉണ്ടായാൽ തന്നെ നമുക്ക് കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് ഭേദഗതികൾ സ്വീകാര്യമാണോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതിയും ശ്രീ. പി. രാഘവൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ് മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതിയും ശ്രീ. പി. രാഘവൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണം എന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതിയും ശ്രീ. പി. രാഘവൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതിയും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നിവർ അവതരിച്ച ഭേദഗതികളെയും ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 248 ഒഴികെയുള്ള ഭേദഗതികളെയും....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ബാബു ദിവാകരൻ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നിവർ അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ബാക്കിയുള്ളത് നമുക്ക് അടുത്ത ദിവസം തുടരാം.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.33-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVIII

2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

LIBRARY ARCHIVES Kerala Legislative Assembly

2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ, കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ 2000 ഫെബ്രുവരി 28-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2000 മാർച്ച് 8-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും മാർച്ച് 13-ാം തീയതി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2000 മാർച്ച് 20-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

എസ്. ശർമ്മ
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി - IX.

2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

1986-ലെ കേരള കമാന്റ് ഏരിയ വികസന ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ബിൽ

പീഠിക.— 1986-ലെ കേരള കമാന്റ് ഏരിയ വികസന ആക്റ്റ്, ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയൊന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കേരള കമാന്റ് ഏരിയ വികസന ആക്റ്റിലെ (1986-ലെ 37) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പ് (ഒ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

"(പി) കമാന്റ് ഏരിയ പ്രദേശത്തെ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ ചെയർപേഴ്സൺ".

3. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 12-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

"(3എ) അതോറിറ്റി അതിന്റെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾകൂടി പരിഗണിക്കേണ്ടതും പദ്ധതി നടപ്പാക്കുമ്പോൾ കഴിയുന്നതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി പങ്കെടുപ്പിക്കേണ്ടതുമാണ്".

4. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ (1)-ാം ഉപവകുപ്പിൽ (iv)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :

"(IV എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കമാന്റ് ഏരിയ പ്രദേശത്തെ അഞ്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ;".

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2000 മാർച്ച്, 20

കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ,
സെക്രട്ടറി (ഇൻ-ചാർജ്ജ്)

LIBRARY ARCHIVES Kerala Legislative Assembly